
കെസിബിസി
മീഡിയ

VATICAN INFLUENCED

ECOLOGY



വത്തിക്കാൻ തരംഗം

Vol No.36 No.9 September 2026 Rs.5.00

Since 1987
Madonna®
ELECTRONICS
ISO 9001-2008 COMPANY



എറണാകുളം – അങ്കമാലി അതിരൂപതയിലെ കൊരട്ടി സെന്റ് മേരീസ് ഫൊറോന പള്ളിയിലെ മണിയിൽ സജ്ജീകരിച്ച **PULSATOR CHANT** സംവിധാനത്തിന്റെ പ്രവർത്ത നോദ്ഘാടനം വികാരി ഫാ. ജോൺസൺ ജോസ് കോക്കാട്ട് 2026 സെപ്തംബർ 8 ന് ഉദ്ഘാടനം ചെയ്തു. കേരളത്തിലെ മുഴു വൻ ജില്ലകളിലും ഭാരതത്തിലെ മുഴുവൻ സംസ്ഥാനങ്ങളിലുമായി വിവിധ ആരാധനാലയങ്ങളിലും സ്ഥാപനങ്ങളിലുമായി 2000 ത്തിലധികം മണികൾ പൾസേറ്റർ സംവിധാനത്തിൽ ഓട്ടോമാറ്റിക്കായി പ്രവർത്തിക്കുന്നുണ്ട്.

PULSATOR: നിലവിലുള്ള പള്ളിമണികൾ ഓട്ടോമാറ്റിക്കായും മാനുവലായും റിമോട്ട് ഉപയോഗിച്ചും അടിപ്പിക്കുന്ന സംവിധാനം.

CHANT: പള്ളികളിലെ നിലവിലുള്ള ആംപ്ലിഫയറിലൂടെ പള്ളിമണി ശബ്ദങ്ങൾ, പ്രാർത്ഥനകൾ, ഗാനങ്ങൾ എന്നിവ ഓട്ടോമാറ്റിക്കായും മാനുവലായും റിമോട്ട് ഉപയോഗിച്ചും പ്രവർത്തിക്കുന്ന സംവിധാനം.

ALTAR CURTAIN AUTOMATION : നിലവിലുള്ള അൾത്താര കർട്ടൻ (തിരുശ്ശീല) മാനുവലായും റിമോട്ടുപയോഗിച്ചും മാറ്റുന്ന ഓട്ടോമാറ്റിക് സംവിധാനം.

MADONNA CHURCH BELLS : യൂറോപ്യൻ ഗുണനിലവാരവും ആകൃതിയുമുള്ള പള്ളിമണികൾ നിർമിച്ചുനൽകുന്നു.

SCHOOL BELL AUTOMATION: നിലവിലുള്ള സ്കൂൾ ബെല്ലുകൾ ഓട്ടോമാറ്റിക്കായി അടിപ്പിക്കുന്ന സംവിധാനം.

THURICOAL : കരിയും തീയും നിലനിർത്തിക്കൊണ്ട് ധൂപാർച്ചനയിൽ ഓട്ടോമേഷൻ.

Call: Felix Madonna - 98953 99881, 98952 98951

Watch Pulsator channel in Youtube or visit: www.madonnapulsator.com

Pulsator® Patent

The Church Bell Ringer

ISO 9001-2008 Certified Company

MSME MICRO, SMALL & MEDIUM ENTERPRISES — MAKE IN INDIA

Madonna Electronics
Madonna Building,
South Chittoor, Cochin - 682 027.
Kerala, India.
felixmadonna@gmail.com

വത്തിക്കാൻ തരംഗം
VATHICAN THARANGAM
SEPTEMBER- 2026
RN. 55 178/94
പുസ്തകം- 36
Monthly
ലക്കം - 9

ഉള്ളടക്കം

- എഡിറ്റോറിയൽ 04
- ധ്യാനാത്മക ദൈവവിളി 07
- പരിശുദ്ധ കന്യകാ മറിയം 10
- സിനഡ് കമ്മീഷൻ റിപ്പോർട്ട് 13
- ഫ്രാൻസിലേക്കുള്ള 17
- ദൈവിക സംഭാഷണം..... 23
- ആലപ്പുഴ രൂപത..... 27
- ഓർമ്മ ആദരം 29
- അപൂർവ മണിനാദം 31
- യവനികയ്ക്ക് പിന്നിലെ 37
- വാർത്തയും ചിന്തയും..... 38

മുഖ്യരക്ഷാധികാരി

- ബിഷപ്പ് ആന്റണി മാർ സിൽവാനോസ്

രക്ഷാധികാരികൾ

- ബിഷപ്പ് മാർ റെമിജിയൂസ് ഇഞ്ചനാനിയിൽ
- ബിഷപ്പ് റൈറ്റ് റവ. ഡോ. അംബ്രോസ് പുത്തൻവീട്ടിൽ

ചീഫ് എഡിറ്റർ • ഫാ. സെബാസ്റ്റ്യൻ മിൽട്ടൺ കളപ്പുരക്കൽ
എഡിറ്റർ • ആന്റണി ചടയംമുറി

പത്രാധിപസമിതി

- ഫാ. തോമസ് തറയിൽ
- ഡോ. ജേക്കബ്ബ് പ്രസാദ്
- ഡോ. ജോളി കരിമ്പിൽ • ബ്രദർ തോമസ് പോൾ കൊടിയൻ

ലീഗൽ അഡ്വൈസർ • അഡ്വ . റെനിൽ ആന്റോ
ലേ ഔട്ട് & ഡിസൈൻ • മനു ആന്റണി

Office Address : Vathikan Tharangam Vathikan Radio office, KCBC Media
POC Palarivattom, Kochi 682025. Tel: 0484- 2806227
email :vaticantharangam@gmail.com whatsapp No : 82810 54656

കേരളകത്തോലിക്കാസഭയുടെ പ്രഥമ മൾട്ടി മീഡിയ മാഗസിൻ



പ്രകൃതിയോടൊത്തു വേണം ദൈവത്തിലേക്കുള്ള വിശ്വാസതീർത്ഥാടനം

EDITORIAL



സൃഷ്ടിയുടെയും പ്രപഞ്ചത്തിന്റെയും സംരക്ഷണം മാനവ രാശിയുടെ ഉത്തരവാദിത്തമാണെന്നുള്ള ലിയോ പതിനാലാമൻ മാർപ്പാപ്പയുടെ ഓർമ്മപ്പെടുത്തൽ ലോകരാജ്യങ്ങൾ മുഖവിലയ്ക്കെടുക്കുമോ? എൽനിനോ പോലുള്ള കാലാവസ്ഥാവ്യതിയാനത്തിന്റെ അതിഭീകരമായ ദുരിതങ്ങൾക്കു മുമ്പിൽ അമ്പരന്നു നിൽക്കുകയാണ് ലോകം. കാലാവസ്ഥയുടെ ക്രമീകൃതവും നിശ്ചിതവുമായ എല്ലാ സഞ്ചാരപഥങ്ങളിൽ നിന്നും വ്യതിചലിച്ചുകൊണ്ട് മനുഷ്യജീവിതം ഈ പ്രപഞ്ചത്തിൽ അസാദ്ധ്യമാക്കുംവിധം പ്രകൃതിദുരന്തങ്ങൾ നമ്മെ സംഭീതരാക്കുന്നു. എന്നാൽ ഇത്തരമൊരു സ്ഥിതിവിശേഷത്തെക്കുറിച്ചുള്ള സഭയുടെ മുന്നറിയിപ്പുകൾ പല ലോകരാജ്യങ്ങളും അവഗണിച്ചുവെന്ന പരാതിയാണ് ഇപ്പോൾ നാം കേൾക്കുന്നത്.

'കർത്താവേ അങ്ങേയ്ക്ക സ്തുതി' എന്ന ഫ്രാൻസിസ് പാപ്പയുടെ ചാക്രിക ലേഖനം പ്രസിദ്ധീകരിച്ചത് 2015ലാണ്. പരിസ്ഥിതി സംരക്ഷണത്തിൽ ചില മാറ്റങ്ങൾ ലോകരാജ്യങ്ങൾ നടപ്പാക്കിയെങ്കിലും, പ്രപഞ്ചമെന്ന പൊതു ഭവനത്തെ ആത്മാർത്ഥമായി സംരക്ഷിക്കുന്നതിൽ പലപ്പോഴും ലോകരാജ്യങ്ങൾ വീഴ്ചവരുത്തി. അതുകൊണ്ടുതന്നെ കാലാവസ്ഥാവ്യതിയാനം ഒരു ആഗോള സാമൂഹ്യ പ്രശ്നമായി വളർന്നു കഴിഞ്ഞിരിക്കുന്നു. പ്രപഞ്ചത്തെയും പ്രകൃതിയെയും സംരക്ഷിക്കണമെന്ന ആഹ്വാനം ഉൾക്കൊള്ളുന്ന ഫ്രാൻസിസ് പാപ്പയുടെ ചാക്രിക ലേഖനമായ 'കർത്താവേ അങ്ങേയ്ക്ക് സ്തുതി' പ്രസിദ്ധീകരിച്ചതിനുശേഷം എട്ട് വർഷം കഴിഞ്ഞ് (2024) പരിസ്ഥിതി സംരക്ഷണത്തിൽ മനുഷ്യരിൽ ശ്രദ്ധമൂലമാകേണ്ട ധാർമ്മിക ബോധത്തിലേക്ക് കണ്ണയച്ചുകൊണ്ട് ഫ്രാൻസിസ് പാപ്പ ഒരു അപ്പസ്തോലിക ആഹ്വാനം കൂടി പ്രസിദ്ധീകരിക്കുകയുണ്ടായി. 'ദൈവത്തെ സ്തുതിക്കുവിൻ' എന്ന പേരിലുള്ള ഈ കൊച്ചു ഗ്രന്ഥത്തിന്റെ മലയാള പരിഭാഷയ്ക്ക് 64

പേജുകളേയുള്ളൂ. പക്ഷെ, ഈ കൊച്ചു ഗ്രന്ഥത്തിലുള്ള ആറ് അധ്യായങ്ങളിലും ഇഹലോകജീവിതത്തിൽ നാം പൂർത്തിയാക്കേണ്ട പ്രകൃതിയോടൊത്തുള്ള ആത്മീയ തീർത്ഥാടനത്തിനായുള്ള ദിശാ സൂചികകളുണ്ട്.

സമഗ്രമായ പരിസ്ഥിതി ആത്മീയതയെക്കുറിച്ചുള്ള സഭയുടെ ദർശനത്തിന്റെ ഉൾച്ചരടുകൾ നമുക്ക് കാണാൻ കഴിയുന്നത് ഉത്പത്തി പുസ്തകത്തിൽ ദൈവം സൃഷ്ടിച്ചതിനുശേഷം ദൈവം പറയുന്ന വചനത്തിലാണ്. "എല്ലാം നന്നായിരിക്കുന്നു" (ഉത്പ.1:31) എന്ന ഈ തിരുവചനത്തിന്റെ കാഴ്ചപ്പാടിൽ പ്രപഞ്ചമെന്ന പൊതുഭവനത്തിന്റെ ആമുഖ വീക്ഷണമുണ്ട്.

കത്തോലിക്കാസഭയുടെ ഏതൊരു ആഹ്വാനത്തിനും സഭ പ്രാവർത്തികമാക്കുന്ന കർമ്മവീഥിയിലേക്കുള്ള വഴിവിളക്കുകൾ ലോകജനതയ്ക്ക് പ്രകാശമേകാറുണ്ട്. സഭയുടെ ആഹ്വാനങ്ങൾക്ക് മാർപാപ്പമാർ മാറിമാറി വന്നാലും ഒരു നൈരന്തര്യ (Continuity) സ്വഭാവമുണ്ടെന്ന കാര്യം വിസ്മരിക്കരുത്. മധ്യ ശതകങ്ങളിൽ പ്ലേറ്റോ, അരിസ്റ്റോട്ടിൽ എന്നീ ഗ്രീക്ക് ചിന്തകരുടെ പഠനങ്ങളെ അടിസ്ഥാനമാക്കി വിശുദ്ധ അഗസ്റ്റിനും വിശുദ്ധ തോമസ് അക്വീനാസും നൽകിയ കൗദാശിക ദൈവശാസ്ത്രത്തിന് നൽകിയ വിശദീകരണങ്ങൾ ത്രെന്തോസ് സൂനഹദോസ് വ്യാഖ്യാനിക്കുകയുണ്ടായി. എന്നാൽ നവോത്ഥാന കാലഘട്ടത്തിൽ ഈ പഠനങ്ങളിൽ മാറ്റമുണ്ടായി. ഇവിടെ രണ്ട് വസ്തുതകൾ അനാവരണം ചെയ്യപ്പെട്ടു: ഒന്ന് – ദൈവികരഹസ്യങ്ങൾ ആദ്യമായി വെളിവാക്കപ്പെട്ടത് സൃഷ്ടി കർമ്മത്തിലൂടെയാണ് രണ്ട് – പ്രപഞ്ച സ്രഷ്ടാവായ ദൈവത്തിൽ നിന്നുമാണ് സർവ സൃഷ്ടജാലങ്ങളും ജീവൻ സ്വീകരിച്ചിട്ടുള്ളത്. പ്രപഞ്ചം ഒരു കൂദാശയാണെന്ന ദൈവശാസ്ത്ര ചിന്തയും ഇതോടെ പ്രബലപ്പെട്ടു. പാശ്ചാത്യ സഭയിൽ പ്രപഞ്ചത്തോട് കൗദാശിക ബന്ധം പുലർത്തിയ വിശുദ്ധ ഫ്രാൻസിസ് അസീസിയുടെ സർവസൃഷ്ടികളോടുള്ള മൃദുസ്നേഹഭാവം എത്ര മനോഹരമാണ്! സുറിയാനി സഭകളുടെ പൊതുപിതാവായി അറിയപ്പെടുന്ന മാർ അപ്രേം (ഏ.ഡി. 306–373) പ്രകൃതിയിൽ നിന്നുള്ള പ്രതീകങ്ങളെ അവതരിപ്പിച്ചുകൊണ്ട് ക്രിസ്തീയ വിശ്വാസത്തെ വിശദീകരിക്കുന്നതായി നാം കാണുന്നു. ജ്ഞാനവാദം പോലുള്ള അഞ്ചോളം പാഷണ്ഡതകളെ ഖണ്ഡിച്ചുകൊണ്ടായിരുന്നു മാർ അപ്രം ഏക ദൈവവിശ്വാസവും ദൈവിക വെളിപാടിന്റെ അനന്യതയും വരച്ചുകാട്ടിയത്. യഹൂദപശ്ചാത്തലത്തിൽ രൂപം കൊണ്ട ഈ ദൈവശാസ്ത്രശൈലി നിരവധി കീർത്തനങ്ങളിലൂടെ വിശുദ്ധൻ ആവിഷ്ക്കരിച്ചിട്ടുമുണ്ട്.

പരിസ്ഥിതി ധാർമ്മികതയുടെ സഭാ പഠനങ്ങൾ ഫ്രാൻസിസ് പാപ്പയെ തുടർന്ന് ലിയോ പതിനാലാമൻ പാപ്പയും സധൈര്യം പിന്തുടരുകയാണ്. വത്തിക്കാന്റെ പരിസ്ഥിതി സംരക്ഷണം 'ഹേര' എന്ന പേരിലുള്ള ഒരു ഇറ്റാലിയൻ കമ്പനിയെ മാർപാപ്പ ഏൽപ്പിച്ചുകഴിഞ്ഞു. 2026 ഏപ്രിൽ മുതൽ വത്തിക്കാനിലെയും പരിസരങ്ങളിലെയും മാലിന്യങ്ങൾ നീക്കം ചെയ്യാൻ 'ഹേര' പ്രയോജനപ്പെടുത്തുന്നത് ഇലക്ട്രിക്കൽ വാഹനങ്ങളെയാണ്. ഈ കമ്പനിയുടെ പ്രതിനിധി സംഘത്തെ അഭിസംബോധന ചെയ്തുകൊണ്ട് സൃഷ്ടിയെ വിവേകപൂർവം ഉപയോഗിക്കാനും അതിന്റെ സംരക്ഷണത്തിനായി ഉത്തരവാദിത്വത്തോടെ പ്രവർത്തിക്കാനുമുള്ള ക്രിസ്തീയ വിളിയെക്കുറിച്ചും പാപ്പ ഓർമ്മിപ്പിക്കുകയുണ്ടായി. പ്രകൃതിയോടൊത്ത് ജീവിക്കാനുള്ള ക്രിസ്തീയ വിശ്വാസിയുടെ കടമ ഒരിക്കൽ കൂടി നമുക്ക് മനസ്സിൽ കുറിച്ചിടാം. ❍

ഫാ. സെബാസ്റ്റ്യൻ മിൽട്ടൺ കളപ്പുരക്കൽ
ചീഫ് എഡിറ്റർ

ഈശോ നിങ്ങളെ വിളിക്കുന്നു



19 വയസ് മാത്രം പ്രായമായിരുന്ന ക്ലോഡിൻ ദൈവത്തിന്റെ വിളിക്ക് പ്രത്യുത്തരം നല്കിക്കൊണ്ട് തന്നെത്തന്നെ പൂർണമായും ദൈവ ശുശ്രൂഷയ്ക്കായി സമർപ്പിച്ചു. അവളുടെ മാതൃസഹജമായ ഹൃദയം അനാഥർക്കും യുവതികൾക്കും വിദ്യാഭ്യാസം നൽകുന്നതിനായി തുറന്നു കൊടുക്കുകയും ചെയ്തു. യേശുവിന്റെ നിർമ്മലമായ ഹൃദയത്തിൽ നിന്നും നിർഗളിക്കുന്ന അനന്തമായ സ്നേഹത്തിന്റെ നീർച്ചാലിൽ നിന്നും ഉൾക്കൊണ്ട പ്രചോദനമായിരുന്നു അവളുടെ വിദ്യാഭ്യാസ ശൈലിയുടെ അടിസ്ഥാനം.

വി. ക്ലോഡിൻ തെവനെ

ജീസസ് ആന്റ് മേരി സന്യാസസഭാസ്ഥാപിക

ക്ലോഡിന്റെ ജീവിതലക്ഷ്യം

ക്രിസ്തീയ വിദ്യാഭ്യാസത്തിലൂടെ എല്ലാവരേയും പ്രത്യേകിച്ച് പാവപ്പെട്ടവരെ. ഈശോയേയും മാതാവിനേയും അറിയുവാനും സ്നേഹിക്കുവാനും പഠിപ്പിക്കുക എന്നതായിരുന്നു.



നിങ്ങൾ ഒരു കത്തോലിക്ക യുവതിയാണെങ്കിൽ സഭയ്ക്കും സമൂഹത്തിനും വേണ്ടി സേവനം അനുഷ്ഠിക്കുവാൻ, സ്വയം സമർപ്പിതയാകുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ ഒരു പ്രാർത്ഥനാജീവിതത്തിന് ഒരു സമ്പൂർണ സാമൂഹിക സേവനത്തിന് ഒരു കൂട്ടായ്മയുടെ ജീവിതത്തിന് കഴിവുണ്ടെങ്കിൽ... വരൂ ഞങ്ങളോടു ചേരൂ...

ജീസസ് ആന്റ് മേരി സന്യാസസഭ

വിദ്യാഭ്യാസ യോഗ്യത : എസ് എസ് എൽ സി യോ ഉപരിവിദ്യാഭ്യാസമോ ഉള്ള ഏവർക്കും.

വിശദവിവരങ്ങൾക്ക്:

Vocation Promoter
Convent of Jesus and Mary
Bangla Sahib Marg
New Delhi 110001
Tel : 011 - 237 478 68
Mob: 8800574893

Sr. Superior
Convent of Jesus and Mary
Gopalapetta P.O.
Chalil , Thalassery - 670 102
Kannur Dist., Kerala
Ph: 0490 23 22 822
Mob: 8527703922



ധ്യാനാത്മക ദൈവവിളി സഭയുടെ ദൗത്യത്തിന്റെ ഹൃദയമിടിപ്പ്: പാപ്പ

ബാബു കദളിക്കാട്

SPECIAL REPORT



വത്തിക്കാൻ സിറ്റി: അതിവേഗ ജീവിതശൈലിയും നിരന്തരമായ തിരക്കുകളും നിറഞ്ഞ ഇന്നത്തെ ലോകത്ത് നിശ്ശബ്ദതയുടെ മൂല്യം കൂടുതൽ പ്രസക്തമാണെന്ന് ലിയോ പതിനാലാമൻ പാപ്പാ. വത്തിക്കാനിൽ സെപ്റ്റംബർ 30-ന് ഡൊമിനിക്കൻ ധ്യാനാത്മക സന്യാസിനിമാരുടെ അന്താരാഷ്ട്ര കമ്മീഷൻ അംഗങ്ങളുമായി നടത്തിയ കൂടിക്കാഴ്ചയിലാണ് പാപ്പാ ഇക്കാര്യം വ്യക്തമാക്കിയത്. വിശ്വാസവും ദൈവവിളിയും ഈ കൂടിക്കാഴ്ചയ്ക്ക് വഴികാട്ടിയാകുമെന്ന് പാപ്പാ പറഞ്ഞു. ഡൊമിനിക്കൻ ആത്മീയതയിലും സഭയുടെ സമഗ്രമായ പ്രേഷിത ദൗത്യത്തിലും ധ്യാനാത്മക സന്യാസവിളി പാർശ്വസ്ഥമായ ഒന്നല്ലെന്നും മറിച്ച് സഭയുടെ പ്രേഷിത ദൗത്യത്തിന്റെ ഹൃദയമിടിപ്പാണെന്നും അദ്ദേഹം ഓർമിപ്പിച്ചു. ദൈവവിളിയും സമർപ്പിതജീവിതവും വിശ്വാസത്തിൽ അധിഷ്ഠിതമാക്കി ജീവിച്ച പ്രസംഗകസഭയുടെ (Order of Preachers) അംഗമായ സിസ്റ്റർ മരിയ പെട്ര ജിയോർദാനോയുടെ വീരോചിത പുണ്യങ്ങൾ അടുത്തിടെ അംഗീകരിക്കപ്പെട്ടതിനു പിന്നാലെ സന്യാസിനിമാരെ സ്വീകരിക്കാൻ കഴിഞ്ഞതിൽ സന്തോഷമുണ്ടെന്നും പാപ്പാ പറഞ്ഞു.



ധ്യാനവും പ്രാർത്ഥനയും

ധ്യാനാത്മക സന്യാസജീവിതത്തെ രൂപപ്പെടുത്തിയ ഡൊമിനിക്കൻ ആത്മീയ പാരമ്പര്യത്തെയും പാപ്പാ അനുസ്മരിച്ചു. സാക്സണിയിലെ ജോർദാൻ എഴുതിയ കൃതികൾ അദ്ദേഹം പരാമർശിച്ചു. ആദ്യകാല ഡൊമിനിക്കൻ വനിതാ സമൂഹങ്ങളിലെ സന്യാസിനിമാർ ധ്യാനപ്രാർത്ഥനയ്ക്കും പഠനത്തിനും പ്രഥമ പരിഗണന നൽകിയിരുന്നു. തപസ്സിലൂടെ സഹോദര സന്യാസിമാരുടെ സുവിശേഷപ്രഘോഷണ ദൗത്യത്തെ പിന്തുണയ്ക്കുകയും ഒരേ ആത്മീയ ദാനത്തിൽ പങ്കുചേരുകയും ചെയ്തിരുന്നുവെന്ന് അദ്ദേഹം വിശദീകരിച്ചു. വിശുദ്ധ തോമസ് അക്വീനാസിന്റെ ചിന്തകളും പാപ്പാ ഉദ്ധരിച്ചു. വിശുദ്ധ ഡൊമിനിക്കിന്റെ ഉൾക്കാഴ്ചയെ പിന്തുടർന്ന്, യഥാർഥമായ സുവിശേഷപ്രഘോഷണത്തിന്റെ ഓരോ വാക്കും നിശ്ശബ്ദതയിലും ശ്രവണത്തിലും പ്രാർത്ഥനയിലും ദൈവവുമായുള്ള ആഴമായ ബന്ധത്തിലും നിന്നാണ് ഉദ്ഭവിക്കേണ്ടതെന്ന് അദ്ദേഹം ഓർമിപ്പിച്ചു. സന്യാസിനിമാരുടെ സമ്മേളനങ്ങൾ കർത്താവുമായുള്ള കൂട്ടായ കണ്ടുമുട്ടലിന്റെ അവസരങ്ങളായിരിക്കണമെന്ന് പാപ്പാ ആഹ്വാനം ചെയ്തു. പ്രാർത്ഥന, പരസ്പര ശ്രവണം, സഹോദരസ്നേഹത്തിൽ അധിഷ്ഠിതമായ തിരുത്തൽ, അനുരഞ്ജനം എന്നിവയ്ക്ക് ഇത്തരം കൂടിക്കാഴ്ചകളിൽ പ്രാധാന്യം നൽകണം. ഇതോടൊപ്പം, ക്ലോയിസ്റ്റർ ജീവിതത്തിന്റെ (മഠത്തിനുള്ളിൽ ഏകാന്തതയും പ്രാർത്ഥനയും കേന്ദ്രീകരിച്ചുള്ള സന്യാസജീവിതം) അടിസ്ഥാനമൂല്യമായ നിശ്ശബ്ദതയെ പ്രത്യേകം പരിപാലിക്കണമെന്നും അദ്ദേഹം പറഞ്ഞു.

ഉള്ളിലുണ്ടാകണം അഗ്നി

ഇന്നത്തെ സാഹചര്യങ്ങളിൽ ഡൊമിനിക്കൻ ധ്യാനാത്മക സന്യാസജീവിതം എന്താണ് ആവശ്യപ്പെടുന്നതെന്ന് പരിശുദ്ധാത്മാവിന്റെ സ്വരത്തിന് കാതോർക്കാൻ പാപ്പാ സന്യാസിനിമാരെ ക്ഷണിച്ചു. നിർവഹിക്കേണ്ട ചുമതലകൾക്കുമുമ്പ് നാം പ്രതികരിക്കേണ്ട ഒരു ദൈവവിളിയുണ്ടെന്നും അണഞ്ഞുപോകാൻ അനുവദിക്കരുതാത്ത ഒരു അഗ്നി ഉള്ളിൽ ജ്വലിക്കുന്നുണ്ടെന്നും വിശുദ്ധ കത്തറീന ഓഫ് സിയേനയുടെ ചിന്തകൾ അനുസ്മരിച്ചുകൊണ്ട് അദ്ദേഹം പറഞ്ഞു. സഭയ്ക്കുവേണ്ടിയുള്ള സന്യാസിനിമാരുടെ സേവനം വിലമതിക്കാനാവാത്തതാണെന്ന് പാപ്പാ വ്യക്തമാക്കി. പരസ്പര ഐക്യത്തിലും വിവേചനബുദ്ധിയിലും ആത്മവിശ്വാസത്തോടെ ഈ സേവനം തുടരാൻ അദ്ദേഹം അവരെ പ്രോത്സാഹിപ്പിച്ചു. "ഐക്യത്തിൽ നിലകൊള്ളുക, എന്നാൽ എല്ലാവരെയും ഒരേ രൂപത്തിലാക്കരുത്. പാരമ്പര്യത്തോട് വിശ്വസ്തരായിരിക്കുമ്പോൾത്തന്നെ പുതുമകളോട് തുറവിയുള്ളവരാകുക. ലോകത്തെ ദൈവസന്നിധിയിൽ സമർപ്പിക്കാൻ കഴിവുള്ളവരായതിനാൽ ധ്യാനാത്മക ജീവിതം നയിക്കുക," എന്ന ആഹ്വാനത്തോടെയാണ് ലിയോ പതിനാലാമൻ പാപ്പാ തന്റെ സന്ദേശം ഉപസംഹരിച്ചത്. ❍

നാം സ്വീകരിച്ചിരിക്കുന്നത് ലോകത്തിൻ്റെ ആത്മാവിനെയല്ല ;
പ്രത്യുത ദൈവം നമുക്കായി വർഷിക്കുന്ന ദാനങ്ങൾ
മനസ്സിലാക്കാൻവേണ്ടി ദൈവത്തിൻ്റെ ആത്മാവിനെയാണ്.

1 കോറിന്തോസ് 2 : 12

മലമ്പുഴ
നെഹെമിയ മിഷൻസ് സെൻ്ററിൽ



ബ്ര. തോമസ് പോൾ നയിക്കുന്ന

കാരിസം സെമിനാർ

2026 ഡിസംബർ 27 മുതൽ 31 വരെ

കരിസ്മാറ്റിക് നവീകരണത്തിലുള്ള എല്ലാ
ശുശ്രൂഷകർക്കും പുതുതായി ശുശ്രൂഷയുടെ
ഭാഗമാകണമെന്ന് ആഗ്രഹിക്കുന്നവർക്കും സ്വാഗതം

100 പേർക്ക് മാത്രമാണ് പങ്കെടുക്കാവുന്നത്.
പേരുകൾ മുൻകൂട്ടി നൽകണേ

കൂടുതൽ വിവരങ്ങൾക്കും ബുക്കിങ്ങിനും
9446293611, 9446638597, 9946943405



അങ്ങ് ജ്ഞാനത്തെയും അങ്ങയുടെ പരിശുദ്ധാത്മാവിനെയും
ഉന്നതത്തിൽനിന്നു നൽകിയില്ലെങ്കിൽ , അങ്ങയുടെ ഹിതം
ആരറിയും. ജ്ഞാനം 9 : 17



പരിശുദ്ധ കന്യകാമറിയം: കുരിശിൽ നിന്ന് യേശു നമുക്ക് നൽകിയ 'അമ്മ'

ഫാ. തോംസൺ പഴയചിറപീടികയിൽ, ജർമ്മനി

SPECIAL REPORT



ലൂർദ്: ഫ്രാൻസിലെ പ്രസിദ്ധ മരിയൻ തീർഥാടനകേന്ദ്രമായ ലൂർദിൽ ആയിരക്കണക്കിന് തീർഥാടകരോടൊപ്പം ജപമാല പ്രാർഥനയിലും ദീപപ്രദക്ഷിണത്തിലും പങ്കുചേർന്ന് ലിയോ പതിനാലാമൻ പാപ്പാ. സെപ്റ്റംബർ 27-ന് നടന്ന പ്രാർഥനയിൽ, വിശ്വാസത്തിന്റെ യാത്രയിൽ പ്രതിസന്ധികൾക്കിടയിലും പ്രത്യാശയോടെ മുന്നോറാൻ പാപ്പാ വിശ്വാസികളെ ആഹ്വാനം ചെയ്തു. ലൂർദിലെ സന്ദർശനത്തിന്റെ സമാപനമായിരുന്ന ഈ ദീപപ്രദക്ഷിണത്തിൽ, തീർഥാടകരിലൊരാളായി പങ്കുചേരാൻ കഴിഞ്ഞതിൽ പാപ്പാ ദൈവത്തിന് നന്ദി പറഞ്ഞു.

ഏപ്രിൽ മുതൽ നവംബർ വരെ എല്ലാ വൈകുന്നേരങ്ങളിലും ലൂർദിലെ പരിശുദ്ധ കന്യകാമറിയത്തിന്റെ തീർഥാടനകേന്ദ്രത്തിൽ ജപമാല പ്രാർഥനയും ദീപപ്രദക്ഷിണവും നടക്കാറുണ്ട്. രോഗശാന്തിയും ആശ്വാസവും പ്രത്യാശയും തേടി ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്ന് ലക്ഷക്കണക്കിന് വിശ്വാസികൾ എത്തുന്ന ഈ പുണ്യസ്ഥലത്ത്, പാപ്പായും സാധാരണ തീർഥാടകരോടൊപ്പം പ്രാർഥനയിൽ പങ്കുചേർന്നു.

"ഒരു തലമുറയിൽനിന്ന് അടുത്ത തലമുറയിലേക്ക് വിശ്വാസികൾ പരിശുദ്ധ കന്യകാമറിയത്തിന്റെ സ്നേഹനിർഭരമായ ക്ഷണത്തോട് സ്നേഹത്തോടും വിശ്വാസത്തോടും പ്രതികരിക്കുന്നത് എത്ര ഹൃദയസ്പർശിയാണ്! തീക്ഷ്ണമായ വിശ്വാസത്തോടെ ക്രൈസ്തവർ സ്തുതിഗീതങ്ങൾ ആലപിക്കുന്നതും കൈകളിൽ ദീപങ്ങളുമായി സ്വർഗീയ മാതാവിന്റെ അടുത്തേക്ക് നടന്നടുക്കുന്നതും എത്ര ആശ്വാസകരമാണ്. കുരിശിൽനിന്ന് യേശു നമുക്കു നൽകിയ മാതാവാണ് അവൾ," പാപ്പാ പറഞ്ഞു. "ഇന്ന് ഈ സായാഹ്നത്തിൽ



നമ്മുടെ മാതാവിന്റെ വിളിക്ക് പ്രതികരിച്ചുകൊണ്ട്, തീർഥാടകരിലൊരാളായി ഈ യാത്രയിൽ പങ്കുചേരാൻ കഴിഞ്ഞതിൽ ഞാൻ കർത്താവിന് നന്ദി പറയുന്നു," അദ്ദേഹം കൂട്ടിച്ചേർത്തു.

പ്രാർഥനയുടെ യാത്ര

രാത്രി ഒൻപത് മണിയോടെ നോട് ദാം ദെ ല് ഇമ്മാക്കുലേ കോൺസെപ്ഷൻ ബസിലിക്കയിലെ മണികൾ മുഴങ്ങിയതിനു പിന്നാലെ, പാപ്പാ ദീപപ്രദക്ഷിണത്തിൽ പങ്കുചേരാനായി പുറപ്പെട്ടു. പരിശുദ്ധ കന്യകാമറിയം വിശുദ്ധ ബെർണദെത്തിനോടു പ്രത്യക്ഷപ്പെട്ട മാസബിയേൽ ഗ്രഹയിൽനിന്നാണ് പ്രദക്ഷിണം ആരംഭിച്ചത്. പാപ്പായുടെ പ്രതിനിധിസംഘവും മെത്രാന്മാരും വൈദികരും തീർഥാടനകേന്ദ്രത്തിലെ സന്നദ്ധപ്രവർത്തകരും കുടുംബങ്ങളും ഉൾപ്പെടെ വലിയൊരു ജനസമൂഹം അദ്ദേഹത്തോടൊപ്പം പ്രദക്ഷിണത്തിൽ പങ്കെടുത്തു. ലൂർദ് മാതാവിന്റെ കിരീടധാരണം ചെയ്ത രൂപം പ്രദക്ഷിണത്തിന് മുന്നിലുണ്ടായിരുന്നു. തീർഥാടനകേന്ദ്രത്തിനു ചുറ്റുമുള്ള വഴിയിലൂടെ സാവധാനം നീങ്ങിയ പ്രദക്ഷിണം വിശാലമായ മൈതാനം കടന്ന് ജപമാല ബസിലിക്കയുടെ മുൻവശത്തെത്തി. സുരക്ഷാ വേലികൾക്കു പിന്നിൽനിന്ന് ആയിരക്കണക്കിന് വിശ്വാസികൾ ജപമാല ചൊല്ലി പ്രാർഥിച്ചു. കൈകളിൽ ജപമാലയും മെഴുകുതിരികളുമായി അവർ സ്വർഗീയ മാതാവിനോടുള്ള പ്രാർഥനയിൽ പങ്കുചേർന്നു. ചിലർ മുട്ടുകുത്തി പ്രാർഥിച്ചപ്പോൾ മറ്റുചിലർ കസേരകളിലിരുന്നും നിന്നുമാണ് പ്രാർഥനയിൽ പങ്കെടുത്തത്. പുതപ്പുകൾ പുതച്ചും വീൽചെയറുകളിലിരുന്നും നിരവധി രോഗികളും തീർഥാടകരോടൊപ്പം ഉണ്ടായിരുന്നു. ഇരുട്ടിൽ ആയിരക്കണക്കിന് മെഴുകുതിരികൾ തെളിഞ്ഞുനിന്ന കാഴ്ചയും ആലപിക്കപ്പെട്ട മരിയൻ സ്തുതിഗീതങ്ങളും പ്രാർഥനയെ ഹൃദയസ്പർശിയാക്കി. ഇടയ്ക്കിടെ വിശ്വാസികൾ ഒരുമിച്ച് ദീപങ്ങൾ ഉയർത്തിപ്പിടിച്ചു. "നമ്മെ നയിക്കുകയും മുന്നോട്ടു കൊണ്ടുപോകുകയും ചെയ്യുന്ന വെളിച്ചം പ്രത്യാശയുടെ വെളിച്ചമാണ്. ഈ ജീവിതയാത്രയിൽ മുന്നേറുമ്പോഴും ആ വെളിച്ചം നമ്മെ ഒരിക്കലും കൈവിടുന്നില്ല," പാപ്പാ പറഞ്ഞു.

പ്രത്യാശ കൈവിടരുത്

ജീവിതത്തിലെ ദുരിതങ്ങൾക്കിടയിലും ശാന്തതയും സന്തോഷവും കണ്ടെത്താൻ കഴിയുന്നത് ദൈവകൃപയാലാണെന്ന് പാപ്പാ വ്യക്തമാക്കി. ഉത്ഥിതനായ ക്രിസ്തുവിന്റെ ജീവദായക സാന്നിധ്യം തിരിച്ചറിയാൻ ദൈവം മനുഷ്യനെ പ്രാപ്തനാക്കുന്നു. "നമ്മുടെ ഭൗമിക ജീവിതത്തിന്റെ അതിരുകൾക്കപ്പുറത്തേക്ക്, കൂടുതൽ ദൂരെയുള്ള ഭാവിയിലേക്ക് നോക്കാൻ ദൈവം നമ്മെ സഹായിക്കുന്നു," പാപ്പാ പറഞ്ഞു.വിശുദ്ധ പൗലോസിന്റെ വാക്കുകൾ ഉദ്ധരിച്ചുകൊണ്ട്, ഇപ്പോഴത്തെ സഹനങ്ങളെ ഭാവിയിൽ വെളിപ്പെടാനിരിക്കുന്ന മഹത്വവുമായി താരതമ്യം ചെയ്യാനാവില്ലെന്ന് അദ്ദേഹം ഓർമിപ്പിച്ചു. രോഗികളും ദുരിതമനുഭവിക്കുന്നവരും പ്രത്യേകിച്ചും ഈ പ്രത്യാശയുടെ സാക്ഷികളാണെന്നും വിശ്വാസത്തിലൂടെയും ദൈവത്തോടും സഹോദരങ്ങളോടുമുള്ള സ്നേഹത്തിലൂടെയും ജീവിതത്തിന് പുതിയ അർഥം ലഭിക്കുന്നുവെന്നും പാപ്പാ ചൂണ്ടിക്കാട്ടി.



രക്ഷയുടെ പ്രഭാതം

ലൂർദിലെ ദീപപ്രദക്ഷിണത്തിൽ മുൻകാല പാപ്പാമാരായ വിശുദ്ധ ജോൺ പോൾ രണ്ടാമനും ബെനഡിക്ട് പതിനാറാമനും ബസിലിക്കയുടെ മട്ടുപ്പാവിൽനിന്ന് പ്രാർഥനയ്ക്ക് നേതൃത്വം നൽകിയപ്പോൾ, ലിയോ പതിനാലാമൻ പാപ്പാ തീർഥാടകരോടൊപ്പം നേരിട്ട് പ്രദക്ഷിണത്തിൽ പങ്കുചേർന്നത് ശ്രദ്ധേയമായി. മരിയൻ തീർഥാടനകേന്ദ്രത്തിലെ പ്രാർഥനയിലൂടെ, ജീവിതത്തിലെ പരീക്ഷണങ്ങൾക്കിടയിലും ദൈവമക്കളെന്ന നിലയിൽ തങ്ങൾ സ്നേഹിക്കപ്പെടുകയും രക്ഷിക്കപ്പെടുകയും ചെയ്തവരാണെന്ന സന്തോഷം വിശ്വാസികൾ തിരിച്ചറിയണമെന്ന് പാപ്പാ പറഞ്ഞു. "നമ്മുടെ ജീവിതകാലം മുഴുവൻ ഈ ലോകത്തിൽ നമുക്ക് അനുവദിക്കപ്പെട്ടിരിക്കുന്ന ദിവസങ്ങളിലുടനീളം, വീണ്ടും വീണ്ടും യാത്ര തുടരാൻ നാം വിളിക്കപ്പെട്ടിരിക്കുന്നു. ഈ യാത്രയിൽ മറിയം നമുക്കു മുന്നേ നടക്കുന്നു," അദ്ദേഹം വ്യക്തമാക്കി. വിശുദ്ധ ബെർണദെത്തിനോട് പരിശുദ്ധ കന്യകാമറിയം സ്വയം "അമലോത്ഭവ"മെന്ന് വെളിപ്പെടുത്തിയ സംഭവവും പാപ്പാ അനുസ്മരിച്ചു. ദൈവത്തിൽനിന്നു ലഭിച്ച അതുല്യമായ കൃപയ്ക്ക് നന്ദി അർപ്പിച്ചുകൊണ്ട്, അതീവ വിനയത്തോടെയാണ് മറിയം സ്വയം വെളിപ്പെടുത്തിയതെന്ന് അദ്ദേഹം പറഞ്ഞു. പാപത്തിൽനിന്ന് മുക്തയായ മറിയം, പുതുതായി ആരംഭിക്കുന്ന രക്ഷയുടെ പ്രഭാതത്തെയാണ് പ്രതിനിധീകരിക്കുന്നത്. യേശുവിന്റെ രക്തത്തിലൂടെ ലഭിച്ച വീണ്ടെടുപ്പിന്റെ കൃപ സ്വീകരിക്കാനും തിന്മയ്ക്കെതിരെ പോരാടാനും ആഗ്രഹിക്കുന്ന ക്രൈസ്തവർക്ക് പരിശുദ്ധ കന്യകാമറിയത്തിന്റെ സഹായവും മാധ്യസ്ഥവും നിർണായകമാണെന്നും പാപ്പാ കൂട്ടിച്ചേർത്തു.

പ്രാർഥനയുടെ വെളിച്ചം

ഫ്രാൻസിൽനിന്നും ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നും ലൂർദിലെത്തിയ തീർഥാടകരോടും രോഗികളോടും തങ്ങളുടെ ഹൃദയത്തിലെ ഏറ്റവും പ്രിയപ്പെട്ടതും അടിയന്തരവുമായ നിയോഗങ്ങൾ പരിശുദ്ധ കന്യകാമറിയത്തിനു സമർപ്പിക്കാൻ പാപ്പാ ആഹ്വാനം ചെയ്തു. "ഇന്ന് രാത്രി നമ്മുടെ കൈകളിൽ തെളിയുന്ന ഈ വെളിച്ചം ജീവിതത്തിൽ ഒരിക്കലും അണഞ്ഞുപോകരുത്. മറിച്ച്, ഭാവിയെ പ്രകാശിപ്പിക്കുകയും നിത്യജീവന്റെ വാഗ്ദാനങ്ങളിലേക്ക് ഇന്നുതന്നെ നമ്മുടെ ഹൃദയങ്ങളെ തുറക്കുകയും ചെയ്യട്ടെ," പാപ്പാ പ്രാർഥിച്ചു. ലൂർദിലെ ജപമാലയും ദീപപ്രദക്ഷിണവും വിശ്വാസികളുടെ കൂട്ടായ പ്രാർഥനയുടെ അനുഭവം മാത്രമല്ല, രോഗങ്ങളിലും സഹനങ്ങളിലും പ്രതിസന്ധികളിലും ദൈവത്തിന്റെ സാന്നിധ്യത്തിൽ പ്രത്യാശ കണ്ടെത്താനുള്ള ക്ഷണം കൂടിയാണെന്ന് പാപ്പായുടെ സന്ദേശം ഓർമിപ്പിക്കുന്നു.❍



സിനഡ്: കാനോൻ നിയമകമ്മീഷന്റെ അന്തിമ റിപ്പോർട്ടായി

ഫാ. സേവ്യർ പടിയാരംപറമ്പിൽ
ഓസ്ട്രിയ


SPECIAL REPORT



വത്തിക്കാൻ സിറ്റി: മെത്രാൻമാരുടെ സിനഡിന്റെ 2023 ഒക്ടോബറിലും 2024 ഒക്ടോബറിലും നടന്ന പൊതുസമ്മേളനങ്ങളുടെ പ്രവർത്തനഫലങ്ങളുടെ അടിസ്ഥാനത്തിൽ, ലത്തീൻ സഭയുടെ കാനോൻ നിയമസംഹിതയിൽ ഭേദഗതികൾ നിർദേശിക്കുന്ന സിനഡിന്റെ കാനോൻ നിയമ കമ്മീഷന്റെ അന്തിമ റിപ്പോർട്ട് പ്രസിദ്ധീകരിച്ചു. സിനഡിന്റെ ജനറൽ സെക്രട്ടേറിയറ്റാണ് റിപ്പോർട്ട് പുറത്തുവിട്ടത്. നിയമ പാഠങ്ങൾക്കായുള്ള ഡിക്കാസ്റ്ററിയുമായി സഹകരിച്ച് സിനഡിന്റെ പ്രവർത്തനങ്ങളെ സഹായിക്കുന്നതിനായി രൂപീകരിച്ച കമ്മീഷൻ, 2021-2024 കാലഘട്ടത്തിലെ സിനഡൽ പ്രക്രിയയുടെ ഫലങ്ങൾ വിലയിരുത്തിയാണ് റിപ്പോർട്ട് തയ്യാറാക്കിയത്.

മൂന്ന് ഘട്ടങ്ങൾ

സിനഡൽ പ്രക്രിയയിലൂടെ ഉരുത്തിരിഞ്ഞ ദൈവശാസ്ത്രപരവും സഭാശാസ്ത്രപരവുമായ ഉൾക്കാഴ്ചകൾ കാനോൻ നിയമങ്ങളിലേക്ക് എങ്ങനെ ഉൾച്ചേർക്കാമെന്നതായിരുന്നു കമ്മീഷന്റെ പ്രധാന പരിഗണന. ഇതിനായി ഹ്രസ്വകാലം, മധ്യകാലം, ദീർഘകാലം എന്നിങ്ങനെ മൂന്ന് ഘട്ടങ്ങളിലായുള്ള നിർദേശങ്ങളാണ് റിപ്പോർട്ടിൽ അവതരിപ്പിച്ചിരിക്കുന്നത്.നിലവിലുള്ള നിയമങ്ങളിൽ ഉടനടി വരുത്താവുന്ന ഭേദഗതികളാണ് ഹ്രസ്വകാല നിർദേശങ്ങളിൽ ഉൾപ്പെടുന്നത്. സിനഡൽ പ്രക്രിയയിൽ ഉയർന്നുവന്ന ആവശ്യങ്ങൾ പരിഗണിച്ച് ബന്ധപ്പെട്ട ഡിക്കാസ്റ്ററികളുമായി സഹകരിച്ച് പുതിയ നിർദേശങ്ങൾ പുറപ്പെടുവിക്കുകയോ നിലവിലുള്ള നിർദേശങ്ങൾ പരിഷ്കരിക്കുകയോ ചെയ്യുന്നതാണ് മധ്യകാല ലക്ഷ്യം. ലത്തീൻ സഭയുടെയും പൗരസ്ത്യ സഭകളുടെയും കാനോൻ നിയമസംഹിതകൾ സമഗ്രമായി പരിഷ്കരിക്കുന്നതാണ് ദീർഘകാല ലക്ഷ്യം.





തുല്യമായ പങ്കാളിത്തം

നിലവിൽ പ്രസിദ്ധീകരിച്ചിരിക്കുന്ന റിപ്പോർട്ട് ലത്തീൻ സഭയുടെ കാനോൻ നിയമസംഹിതയെക്കുറിച്ചുള്ളതാണ്. പൗരസ്ത്യ സഭകളുടെ കാനോൻ നിയമസംഹിതയ്ക്കായി പ്രത്യേക കമ്മീഷൻ രൂപീകരിച്ചിട്ടുണ്ട്. ഹ്രസ്വകാലയളവിൽ നടപ്പാക്കാവുന്ന നിയമനിർദേശങ്ങളാണ് റിപ്പോർട്ടിൽ പ്രധാനമായും ഉൾപ്പെടുത്തിയിരിക്കുന്നത്. റിപ്പോർട്ട് www.synod.va എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. ദൈവജനമായ സഭയിലെ എല്ലാ വിശ്വാസികൾക്കും തുല്യമായ അന്തസ്സുണ്ടെന്ന ബോധ്യത്തിന്റെ അടിസ്ഥാനത്തിൽ, യോഗ്യതയും കഴിവുമുള്ള അൽമായർക്ക് സഭയിലെ വിവിധ പദവികളും ഉത്തരവാദിത്വങ്ങളും ശുശ്രൂഷകളും നിർവഹിക്കാൻ കൂടുതൽ അവസരങ്ങൾ ഒരുക്കേണ്ടതിന്റെ ആവശ്യകത റിപ്പോർട്ട് ചൂണ്ടിക്കാട്ടുന്നു. സഭാഭരണവുമായി ബന്ധപ്പെട്ട മേഖലകളിലും സ്ത്രീകൾക്കും പുരുഷന്മാർക്കും ഒരുപോലെ ഈ പങ്കാളിത്തം ഉറപ്പാക്കണമെന്നതാണ് നിർദേശങ്ങളുടെ പ്രധാന ലക്ഷ്യങ്ങളിലൊന്ന്. 2023, 2024 വർഷങ്ങളിലെ സിനഡിന്റെ പൊതു സമ്മേളനങ്ങളുടെ പ്രവർത്തനങ്ങളും അവയിൽ രൂപപ്പെട്ട രേഖകളും വിശദമായി പരിശോധിച്ച കമ്മീഷൻ, 2024-ലെ അന്തിമരേഖയിലെ 60, 71, 76, 77 എന്നീ ഖണ്ഡികകൾ പ്രത്യേകമായി വിലയിരുത്തി. വിശ്വാസികളുടെ തുല്യമായ അന്തസ്സും അതിന്റെ നിയമപരമായ പ്രത്യാഘാതങ്ങളും ഈ ഖണ്ഡികകൾ പ്രതിപാദിക്കുന്നു.

കൂടുതൽ വ്യക്തത വരുത്തും

ഇതിന്റെ അടിസ്ഥാനത്തിൽ കാനോൻ നിയമസംഹിതയിലെ 145, 204, 208, 212, 228, 230, 275, 476, 483, 749, 1112, 1421, 1425 എന്നീ കാനോനുകൾ പരിഷ്കരിക്കാനുള്ള സാധ്യത കമ്മീഷൻ പരിശോധിച്ചു. സിനഡിന്റെ സമീപകാല പഠനങ്ങളും നിർദേശങ്ങളും സഭാനിയമങ്ങളിൽ പ്രതിഫലിപ്പിക്കുകയാണ് ലക്ഷ്യം. സഭയിലെ അജപാലകരോടൊപ്പം അൽമായർക്കും സഭയുടെ സഹ ഉത്തരവാദിത്വത്തിൽ പങ്കാളികളാകുന്നതിനുള്ള നിയമപരമായ സംവിധാനങ്ങൾ നിലവിലുള്ള നിയമവ്യവസ്ഥയിൽത്തന്നെ പലപ്പോഴും ലഭ്യമാണെന്ന് കമ്മീഷൻ നിരീക്ഷിച്ചു. എന്നാൽ, ഇവ പല സാഹചര്യങ്ങളിലും ഫലപ്രദമായി നടപ്പാക്കപ്പെടുന്നില്ല. അതിനാൽ, ഈ സംവിധാനങ്ങൾ കൂടുതൽ വ്യക്തവും പ്രായോഗികവും


ഫലപ്രദവുമാക്കുന്നതിനായി നിയമപരമായ വ്യവസ്ഥകൾക്ക് കൂടുതൽ വ്യക്തതയും ശക്തിയും നൽകേണ്ടതുണ്ടെന്നും റിപ്പോർട്ട് വ്യക്തമാക്കുന്നു. അജപാലന ആവശ്യങ്ങൾ വിലയിരുത്തുന്നതിലും സഭയിലെ വിവിധ പദവികളിലേക്കുള്ള നിയമനങ്ങൾ സംബന്ധിച്ച തീരുമാനങ്ങൾ കൈക്കൊള്ളുന്നതിലും അജപാലകരും മറ്റ വിശ്വാസികളും തമ്മിലുള്ള സിനഡൽ വിവേചനത്തിനും സംയുക്ത ഉത്തരവാദിത്വത്തിനും റിപ്പോർട്ട് പ്രത്യേക പ്രാധാന്യം നൽകുന്നു. രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ പഠനങ്ങൾ കൂടുതൽ ആഴത്തിൽ മനസ്സിലാക്കുകയും സ്വീകരിക്കുകയും ചെയ്യുന്നതിനായി സഭ മുഴുവൻ പങ്കാളിയായ സിനഡൽ പ്രക്രിയയുടെ പശ്ചാത്തലത്തിൽ, നിയമങ്ങളുടെ വ്യാഖ്യാനത്തിലും പ്രയോഗത്തിലും വിശ്വാസികളുടെ അഭിപ്രായങ്ങൾ പരിഗണിക്കേണ്ടതുണ്ടെന്ന് റിപ്പോർട്ട് ചൂണ്ടിക്കാട്ടുന്നു. പുതിയ ഉൾക്കാഴ്ചകളും മാറിയ സാഹചര്യങ്ങളും കണക്കിലെടുത്ത് ചില നിയമവ്യവസ്ഥകളിൽ ഭേദഗതികൾ ആവശ്യമായി വരാമെന്നും അതിൽ പറയുന്നു.

പ്രത്യേക കൗൺസിലുകൾ

പ്രാദേശിക സഭകളുടെ സഹകരണം ശക്തിപ്പെടുത്തുന്നതിൽ പ്രധാന പങ്കുവഹിക്കുന്ന പ്രത്യേക കൗൺസിലുകളുടെയും മെത്രാൻ സമിതികളുടെയും പ്രവർത്തനങ്ങൾ സിനഡൽ കാഴ്ചപ്പാടിൽ പരിഷ്കരിക്കാനും റിപ്പോർട്ട് നിർദേശിക്കുന്നു. പ്രത്യേക കൗൺസിലുകളിൽ ദൈവജനത്തിലെ എല്ലാ അംഗങ്ങൾക്കും പങ്കാളികളാകാനുള്ള സാധ്യത വർധിപ്പിക്കുക, ഔദ്യോഗിക അംഗങ്ങൾക്ക് (ex officio അംഗങ്ങൾ) തുല്യമായ അനുപാതത്തിൽ മറ്റു അംഗങ്ങൾക്കും പ്രാതിനിധ്യം നൽകുക എന്നിവയാണ് നിർദേശങ്ങളിൽ ഉൾപ്പെടുന്നത്. കൂടാതെ, അവർക്ക് അനുവദിച്ചിട്ടുള്ള ഉപദേശക വോട്ടവകാശത്തെ പരിമിതപ്പെടുത്തുന്ന "മാത്രം" എന്ന വ്യവസ്ഥ നീക്കം ചെയ്യാനും നിർദേശിക്കുന്നു. സഭയുടെ എല്ലാ തലങ്ങളിലും സിനഡൽ പങ്കാളിത്തം ശക്തിപ്പെടുത്തുക എന്ന ലക്ഷ്യത്തോടെയാണ് ഈ മാറ്റങ്ങൾ മുന്നോട്ടുവയ്ക്കുന്നത്. പ്രത്യേക കൗൺസിലുകൾ പത്തുവർഷത്തിലൊരിക്കൽ നടത്തണമെന്ന പുതിയ വ്യവസ്ഥയും നിർദേശിച്ചിട്ടുണ്ട്. ഇതിലൂടെ കൗൺസിലുകളുടെ പ്രവർത്തനങ്ങൾ കൂടുതൽ സജീവമാകുമെന്ന് റിപ്പോർട്ട് പ്രതീക്ഷിക്കുന്നു. വിവാഹങ്ങൾക്ക് സഹായം നൽകുന്നതിനായി ഒരു അൽമായ വ്യക്തിയെ നിയോഗിക്കുന്നതിൽ പരിശുദ്ധ സിംഹാസനത്തിന്റെ ഇടപെടൽ ഒഴിവാക്കുകയും, ഒരു കൗൺസിലിന്റെ തീരുമാനങ്ങൾക്ക് അംഗീകാരം സംബന്ധിച്ച് പരിശുദ്ധ സിംഹാസനത്തിൽനിന്ന് ഒരു വർഷത്തിനുള്ളിൽ മറുപടി ലഭിക്കാത്തപക്ഷം അവ സാധുവാണെന്ന അനുമാനം ബാധകമാക്കുകയും ചെയ്യുന്ന നിർദേശങ്ങളും റിപ്പോർട്ടിലുണ്ട്. സഹമെത്രാന്മാരുടെ സ്വഭാവവും ചുമതലകളും കൂടുതൽ വ്യക്തമായി വിശദീകരിക്കുന്നതിനുള്ള വ്യവസ്ഥകളും ഉൾപ്പെടുത്തിയിട്ടുണ്ട്. വിരമിച്ച മെത്രാന്മാരുടെ അനുഭവവും സംഭാവനയും പ്രയോജനപ്പെടുത്തുന്നതിനായി അവരെ മെത്രാൻ സമിതികളുടെ കമ്മിറ്റികളിൽ നിയമിക്കുന്നതിനുള്ള സാധ്യതയും പരിഗണിക്കുന്നു.

പ്രേഷിത ദൗത്യത്തിന്റെ നവീകരണം

റിപ്പോർട്ടിന്റെ മൂന്നാമത്തെ ഭാഗം സഭയിലെ പങ്കാളിത്ത സമിതികളുടെ നവീകരണത്തിനാണ് പ്രാധാന്യം നൽകുന്നത്. പ്രേഷിത ദൗത്യത്തിന്റെ നവീകരണം (Missionary Transformation) അടിയന്തരമായി നടപ്പാക്കേണ്ടതിന്റെ ആവശ്യകത 2024-ലെ സിനഡിന്റെ അന്തിമരേഖ ഊന്നിപ്പറയുന്നുവെന്ന് റിപ്പോർട്ട് വ്യക്തമാക്കുന്നു. സുവിശേഷപ്രഘോഷണത്തെ സഹായിക്കുകയും



ദൈവജനത്തിന്റെ ജീവിതം സുവിശേഷവുമായി പൊരുത്തപ്പെടുന്നുവെന്ന് ഉറപ്പാക്കുകയും ചെയ്യുക എന്നതാണ് ഈ സമിതികളുടെ ലക്ഷ്യം. അതിനാൽ, അവയുടെ പ്രവർത്തനം കേവലം ഭരണപരമോ സംഘടനാപരമോ ആയിരിക്കരുത്; മറിച്ച് സഭയുടെ പ്രേഷിത ദൗത്യത്തെ ശക്തിപ്പെടുത്തുന്നതായിരിക്കണം. മാമ്മോദീസ സ്വീകരിച്ച എല്ലാ വിശ്വാസികളുടെയും പരമാവധി പങ്കാളിത്തം ഉറപ്പാക്കാൻ, പ്രത്യേകിച്ച് പ്രാദേശിക സഭാതലത്തിൽ, കാനോൻ നിയമം അനുശാസിക്കുന്ന സ്ഥാപനപരമായ സംവിധാനങ്ങൾ ആവശ്യമാണ്. വിശ്വാസികളുടെ കാനോനിക പദവി, ദൈവദത്ത വരങ്ങൾ, ശുശ്രൂഷകൾ, കഴിവുകൾ എന്നിവയ്ക്ക് അനുസ്യൂതമായി പങ്കാളിത്തം സാധ്യമാക്കുന്ന പ്രധാന വേദികളാണ് ഇത്തരം സമിതികൾ.

വ്യത്യസ്തമായ കഴിവുകളും ദൈവദത്ത വരങ്ങളും പൊതുവായ തീരുമാനങ്ങളെടുക്കൽ പ്രക്രിയയിൽ പ്രയോജനപ്പെടുത്തുന്നതിലൂടെ സംയുക്ത ഉത്തരവാദിത്വം ശക്തിപ്പെടുത്താനാകുമെന്ന് റിപ്പോർട്ട് വിശദീകരിക്കുന്നു. സിനഡൽ പ്രക്രിയ മെത്രാന്റെയോ മെത്രാൻ സമിതിയുടെയോ പാപ്പായുടെയോ തീരുമാനമെടുക്കാനുള്ള അധികാരം ഇല്ലാതാക്കുന്നില്ല. മറിച്ച്, ദൈവജനത്തിന്റെ സംഭാവനകൾ കൂടി ഉൾപ്പെടുത്തി തീരുമാനങ്ങൾക്ക് യഥാർഥമായ സമൂഹസ്വഭാവം നൽകുകയാണ് ചെയ്യുന്നത്. ഇതിന്റെ ഭാഗമായി കാനോൻ നിയമസംഹിതയിലെ 127, 399, 461, 463, 466, 473, 493, 495, 500, 511, 512, 514, 536, 537 എന്നീ കാനോനുകളിൽ ഭേദഗതികൾ നിർദേശിച്ചിട്ടുണ്ട്. കൂടാതെ, അന്തിമരേഖയുടെ പത്താം ഖണ്ഡികയിൽ പരാമർശിക്കുന്ന ഉത്തരവാദിത്വനിർവഹണ തത്വവുമായി (Accountability) ബന്ധപ്പെട്ട പുതിയൊരു നിയമവ്യവസ്ഥയും ഉൾപ്പെടുത്തിയിട്ടുണ്ട്. സഭയുടെ സിനഡൽ സ്വഭാവം കൂടുതൽ പ്രകടമാക്കുകയും, അൽമായരുടെ പങ്കാളിത്തം വർധിപ്പിക്കുകയും, സഭയുടെ പ്രേഷിത ദൗത്യത്തിൽ വിശ്വാസികളുടെ സഹ ഉത്തരവാദിത്വം ശക്തിപ്പെടുത്തുകയും ചെയ്യുന്നതിന് നിലവിലുള്ള കാനോൻ നിയമങ്ങളെ കൂടുതൽ ഫലപ്രദമാക്കുകയാണ് ഈ നിർദേശങ്ങളുടെ ലക്ഷ്യം. ❍



ഫ്രാൻസിലേക്കുള്ള യാത്ര നവോത്ഥാനത്തിന്റെ അടയാളമായി:പാപ്പ


ഡോ. എഡ്വേർഡ് എടേഴത്ത്
യു. എസ്. എ.

SPECIAL REPORT



ഫ്രാൻസിലേക്കുള്ള തന്റെ അപ്പസ്തോലിക യാത്ര സഭയുടെയും സമൂഹത്തിന്റെയും നവോത്ഥാനത്തിന്റെ അടയാളമായിരുന്നുവെന്ന് ലിയോ പതിനാലാമൻ പാപ്പാ. സെപ്റ്റംബർ 25 മുതൽ 28 വരെ പാരിസ്, ലൂർദ്, മെറ്റ്സ് എന്നീ നഗരങ്ങളിൽ നടത്തിയ സന്ദർശനത്തിലെ പ്രധാന അനുഭവങ്ങൾ സെപ്റ്റംബർ 30-ന് വത്തിക്കാനിലെ സെന്റ് പീറ്റേഴ്സ് ചത്വരത്തിൽ നടന്ന പൊതുദർശന പരിപാടിയിൽ അനുസ്മരിക്കുകയായിരുന്നു അദ്ദേഹം. പാരിസിലെ നോട്ട് ദാം കത്തീഡ്രലിന്റെ പുനർനിർമാണത്തെ യാത്രയുടെ ആന്തരിക സന്ദേശം വ്യക്തമാക്കുന്ന പ്രതീകമായി പാപ്പാ ചൂണ്ടിക്കാട്ടി. 2019 ഏപ്രിലിൽ തീപിടിത്തത്തിൽ ഗുരുതരമായി തകർന്ന നോട്ട് ദാം കത്തീഡ്രൽ പുനർനിർമിച്ച് 2024 ഡിസംബറിൽ വീണ്ടും തുറന്നത്, പ്രതിസന്ധികൾക്കുശേഷം പുതിയ ജീവിതത്തിലേക്കുള്ള തിരിച്ചുവരവിന്റെ അടയാളമാണെന്ന് പാപ്പാ പറഞ്ഞു. ഫ്രാൻസിലേക്കുള്ള തന്റെ അപ്പസ്തോലിക യാത്രയെ ഒരു വാക്കിൽ സംഗ്രഹിക്കുകയാണെങ്കിൽ അത് "നവോത്ഥാനം" ആയിരിക്കുമെന്നും അദ്ദേഹം വ്യക്തമാക്കി.

യാത്രയിൽ ആയിരക്കണക്കിന് യുവാക്കളുമായി പാപ്പാ കൂടിക്കാഴ്ച നടത്തി. ജീവിതത്തിന്റെ എല്ലാ ഘട്ടങ്ങളിലും മനുഷ്യജീവനെ സംരക്ഷിക്കേണ്ടതിന്റെ പ്രാധാന്യം അദ്ദേഹം ഊന്നിപ്പറയുകയും യൂറോപ്പിലും ലോകമെമ്പാടും സമാധാനം

പുലരാൻ ആഹ്വാനം ചെയ്യുകയും ചെയ്തു. യാത്രയുടെ ഭാഗമായി തനിക്ക് നൽകിയ സ്വീകരണത്തിനും വിവിധ പരിപാടികളിൽ പങ്കെടുത്തവർക്കും പാപ്പാ നന്ദി അറിയിച്ചു.

പൊതുനന്മയ്ക്കായി

നോട്ട് ദാം കത്തീഡ്രലിലുണ്ടായ തീപിടിത്തവും തുടർന്നുള്ള പുനർനിർമാണവും സമൂഹത്തിന്റെ വിവിധ തലങ്ങളിൽ അനുകൂലമായ പ്രതികരണത്തിന് വഴിയൊരുക്കിയതായി പാപ്പാ പറഞ്ഞു. സഭ, ഭരണകൂടം, പൊതുസ്ഥാപനങ്ങൾ, സിവിൽ സമൂഹം എന്നിവ തമ്മിലുള്ള സഹകരണത്തിന്റെ മികച്ച ഉദാഹരണമായിരുന്നു കത്തീഡ്രലിന്റെ പുനർനിർമാണം.

ദാതാക്കളുടെ ഉദാരതയും വിദഗ്ധരുടെയും നൈപുണ്യമുള്ള തൊഴിലാളികളുടെയും കഴിവുകളും ഒരുമിച്ചുചേർന്നപ്പോൾ പൊതുനന്മയ്ക്കായി വലിയ നേട്ടം കൈവരിക്കാനായെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. "പൊതുനന്മയ്ക്കായുള്ള ഈ കൂട്ടായ പ്രവർത്തനം" രാഷ്ട്രീയ–സാമൂഹിക ശക്തികൾക്കും പൊതുസ്ഥാപനങ്ങൾക്കും സിവിൽ, സാമ്പത്തിക ഉത്തരവാദിത്വങ്ങൾ വഹിക്കുന്ന എല്ലാവർക്കും മാതൃകയാകണമെന്ന് പാപ്പാ പറഞ്ഞു. ഫ്രഞ്ച് അധികാരികളുമായുള്ള കൂടിക്കാഴ്ചയിലും യുനെസ്കോയിൽ നടത്തിയ പ്രസംഗത്തിലും ഇതേ സന്ദേശമാണ് താൻ മുന്നോട്ടുവച്ചതെന്നും അദ്ദേഹം വ്യക്തമാക്കി. ഇത്തരം സഹകരണത്തിന്റെ അടിസ്ഥാന മാനദണ്ഡം മനുഷ്യവ്യക്തിയുടെ അന്തസ്സായിരിക്കണം. സ്ഥാപനങ്ങളും സാമൂഹിക ശക്തികളും തമ്മിലുള്ള എല്ലാ ഇടപെടലുകളിലും മനുഷ്യന്റെ മഹത്വത്തിനും അവകാശങ്ങൾക്കും പ്രഥമ പരിഗണന നൽകണമെന്നും പാപ്പാ ഓർമിപ്പിച്ചു.

ജീവനുള്ള കല്ലുകളാൽ

നോട്ട് ദാം കത്തീഡ്രലിൽ നടത്തിയ സായാഹ്നപ്രാർഥനയും തുടർന്ന് പാരിസിലെ സ്റ്റേഡ് ദെ ഫ്രാൻസ് സ്റ്റേഡിയത്തിൽ 80,000 യുവാക്കളോടൊപ്പം പങ്കെടുത്ത പ്രാർഥനാജാഗരണവും തമ്മിലുള്ള ആത്മീയ ബന്ധവും പാപ്പാ അനുസ്മരിച്ചു. "തികച്ചും വ്യത്യസ്തമായ രണ്ട് സ്ഥലങ്ങളായിരുന്നെങ്കിലും ആത്മീയമായി പരസ്പരം ബന്ധിപ്പിക്കപ്പെട്ട രണ്ട് അനുഭവങ്ങളായിരുന്നു അവ. അവയെ ഒന്നിപ്പിച്ചത് സഭയാണ്. കല്ലും സിമന്റുംകൊണ്ടല്ല സഭ രൂപപ്പെടുന്നത്; ക്രിസ്തുവിനാൽ സ്നേഹിക്കപ്പെട്ടതിനാൽ യേശുക്രിസ്തുവിനെ സ്നേഹിക്കുന്ന മനുഷ്യരാ







ണ് സഭയുടെ ജീവനുള്ള കല്ലുകൾ," പാപ്പാ പറഞ്ഞു. സ്റ്റേഡിയത്തിൽ കണ്ടുമുട്ടിയ യുവാക്കളെക്കുറിച്ച് സംസാരിക്കവേ, അവർ പ്രായംകൊണ്ടു മാത്രമല്ല, ആത്മാവിന്റെ സ്വാതന്ത്ര്യത്താലും വിശ്വാസത്തിന്റെ തുറവിയാലും പുതിയ തലമുറയെ പ്രതിനിധീകരിക്കുന്നവരാണെന്ന് അദ്ദേഹം പറഞ്ഞു. പാട്ടും ആഹ്ലാദപ്രകടനങ്ങളും നിറഞ്ഞ അന്തരീക്ഷത്തിൽ നിശ്ശബ്ദതയ്ക്കും ശ്രദ്ധാപൂർവമായ ശ്രവണത്തിനും ഇടമുണ്ടായിരുന്നു. സത്യത്തിനും സ്നേഹത്തിനുമായി ദാഹിക്കുന്ന ഹൃദയങ്ങൾ അവരുടെ മുഖങ്ങളിൽ പ്രകടമായിരുന്നു. ആ പ്രാർഥനാജാഗരണം പ്രത്യാശയുടെ വലിയ അടയാളമായിരുന്നുവെന്നും പാപ്പാ കൂട്ടിച്ചേർത്തു.

പ്രത്യാശയുടെ സാക്ഷ്യം

ഫ്രാൻസിൽ സമീപവർഷങ്ങളിൽ യുവാക്കളും മുതിർന്നവരും മാമ്മോദീസ സ്വീകരിക്കുന്നതിന്റെ എണ്ണം വർധിച്ചുവരുന്നതും സഭയിലെ നവീകരണത്തിന്റെ

മറ്റൊരു അടയാളമാണെന്ന് പാപ്പാ ചൂണ്ടിക്കാട്ടി. ഈ ദൈവിക "ആശ്ചര്യത്തോട്" പ്രതികരിക്കുന്ന പാരിസിലെ പ്രവിശ്യാ സിനഡൽ സമ്മേളനത്തിൽ പങ്കെടുത്തതിലൂടെ ഈ വിശ്വാസനവീകരണത്തെ പ്രോത്സാഹിപ്പിക്കാനായെന്നും അദ്ദേഹം പറഞ്ഞു. പാരിസിലെ പ്ലാസ് ദെ ലാ കോൺകോർഡ് ചത്വരത്തിൽ അർപ്പിച്ച ദിവ്യബലിയിൽ ഏകദേശം ഏഴുലക്ഷം പേർ പങ്കെടുത്തതും പാപ്പാ അനുസ്മരിച്ചു. ഷാംപ്സ്–എലിസേ അവന്യൂവിലും ആർക്ക് ദെ ത്രിയോംഫ് സ്മാരകത്തിനടുത്തും അതിനപ്പുറവും ജനസമൂഹം നിറഞ്ഞിരുന്നു. "ദിവ്യകാരുണ്യ സ്വീകരണസമയത്ത് എല്ലാവർക്കും വിശുദ്ധ കുർബാന സ്വീകരിക്കാൻ കഴിഞ്ഞു. എല്ലായിടത്തും ദിവ്യകാരുണ്യം വിതരണം ചെയ്യപ്പെട്ടു. ദൈവത്തിനു മാത്രമേ, പരിശുദ്ധ കന്യകാമറിയത്തിന്റെ മാധ്യസ്ഥത്തിലൂടെ, സഭയുടെ യഥാർഥ പുനർനിർമാണവും നവീകരണവും സാധ്യമാക്കാൻ കഴിയൂ," പാപ്പാ പറഞ്ഞു.

സ്നേഹത്തിന്റെ പ്രാർത്ഥനയുടെ തീർത്ഥാടനം

അപ്പസ്തോലിക യാത്രയുടെ രണ്ടാം ഘട്ടമായ ലൂർദിലെ സന്ദർശനത്തെ അനുസ്മരിച്ച പാപ്പാ, അവിടത്തെ മരിയൻ തീർഥാടനകേന്ദ്രത്തെ "സ്നേഹത്തിന്റെ സംസ്കാരത്തിന്റെ തീർഥാടനകേന്ദ്രം" എന്ന് വിശേഷിപ്പിച്ചു. പരിശുദ്ധ കന്യകാമറിയത്തിന്റെ മാതൃപരിപാലനത്തിലൂടെ കർത്താവ് തീർഥാടകർക്കും പ്രത്യേകിച്ച് ശാരീരികമായും ആത്മീയമായും രോഗാവസ്ഥയിലുള്ളവർക്കും പ്രത്യാശയുടെയും നവജീവന്റെയും സന്ദേശം നൽകുന്ന സ്ഥലമാണ് ലൂർദ് എന്ന് അദ്ദേഹം പറഞ്ഞു. "ഏതു സാഹചര്യത്തിലായിരുന്നാലും, അതീവ ദുർബലാവസ്ഥയിൽപ്പോലും, ഓരോ മനുഷ്യജീവനും ലംഘിക്കാനാവാത്ത അന്തസ്സുണ്ട്. മനുഷ്യസഹാനുഭൂതിയോടെയും ശാസ്ത്രം ലഭ്യമാക്കുന്ന മാർഗങ്ങളുടെ സഹായത്തോടെയും ഓരോ മനുഷ്യനും പരിചരണവും സഹയാത്രയും വേദനയിൽനിന്നുള്ള ആശ്വാസവും അർഹിക്കുന്നു," പാപ്പാ വ്യക്തമാക്കി. പീഡനത്തിനിരയായവരുമായി നടത്തിയ കൂടിക്കാഴ്ചയും അദ്ദേഹം അനുസ്മരിച്ചു. തങ്ങളുടെ ജീവിതത്തിൽ ഏൽപ്പിക്കപ്പെട്ട മുറിവുകളും വേദനകളും അംഗീകരിച്ചുകൊണ്ട്, രോഗശാന്തി തേടുന്ന അവരുടെ യാത്രയിൽ ഒപ്പം നടക്കാനും അവരെ ശ്രദ്ധിക്കാനും സഭ ആഗ്രഹിക്കുന്നുവെന്ന സന്ദേശം മറ്റ് ഇരകളിലേക്കും എത്തിക്കാൻ അവരുടെ സഹായം അഭ്യർഥിച്ചതായി പാപ്പാ പറഞ്ഞു. പീഡനങ്ങൾ ആവർത്തിക്കാതിരിക്കാൻ പ്രവർത്തിക്കേണ്ടതിന്റെ ആവശ്യകതയും അദ്ദേഹം ഊന്നിപ്പറഞ്ഞു. ലൂർദിലെ ദീപപ്രദക്ഷിണത്തിലും ജപമാല പ്രാർഥനയിലും പങ്കെടുത്ത അനുഭവവും പാപ്പാ അനുസ്മരിച്ചു. ഒക്ടോബർ മാസത്തിൽ സമാധാനത്തിനായി ജപമാല ചൊല്ലി പ്രാർഥിക്കണമെന്ന് ഇറ്റാലിയൻ, ജർമൻ ഭാഷക്കാരായ വിശ്വാസികളെ അഭിവാദ്യം ചെയ്യവേ അദ്ദേഹം പ്രത്യേകമായി ആഹ്വാനം ചെയ്തു.

ചരിത്ര വീഥിയിൽ

അപ്പസ്തോലിക യാത്രയുടെ അവസാന ഘട്ടമായ മെറ്റ്സിലെ സന്ദർശനത്തെക്കുറിച്ച് സംസാരിക്കവേ, രണ്ടാം ലോകമഹായുദ്ധത്തിൽ തകർച്ച നേരിട്ട ഫ്രാൻസിന്റെയും യൂറോപ്പിന്റെയും ചരിത്രം പാപ്പാ അനുസ്മരിച്ചു. യൂറോപ്യൻ യൂണിയന്റെ സ്ഥാപക നേതാക്കളിൽ ഒരാളായ റോബർട്ട് ഷൂമാന്റെ ജീവിതവും സമാധാനത്തിനായുള്ള പ്രവർത്തനങ്ങളും അദ്ദേഹം ചൂണ്ടിക്കാട്ടി. തന്റെ ജീവിതത്തിന്റെ വലിയൊരു ഭാഗം മെറ്റ്സിൽ ചെലവഴിച്ച ഷൂമാൻ, രണ്ടാം ലോകമഹായുദ്ധത്തിനുശേഷം യൂറോപ്പിൽ സമാധാനം സ്ഥാപിക്കുന്നതിനായി നിർണായക സംഭാവനകൾ നൽകിയ വ്യക്തിയായിരുന്നു. "യുദ്ധം വരുത്തിവച്ച



നാശത്തിന്റെ പശ്ചാത്തലത്തിൽ സമാധാനത്തിനായുള്ള പദ്ധതിയായിട്ടാണ് ഇന്നത്തെ യൂറോപ്പ് പിറവിയെടുത്തത്. പാരിസിലെ നോട്ട് ദാം കത്തീഡ്രലിന് തീപിടിത്തത്തിലൂടെ സംഭവിച്ച നാശം, രണ്ടാം ലോകമഹായുദ്ധകാലത്ത് യൂറോപിന് സംഭവിച്ച തകർച്ചയോട് ഉപമിക്കാം," പാപ്പാ പറഞ്ഞു.

യഹൂദ – ക്രൈസ്തവ പൈതൃകം – സ്നേഹം ഐക്യം

ജനാധിപത്യം, ഐക്യദാർഢ്യം, ജനങ്ങൾ തമ്മിലുള്ള സാഹോദര്യം എന്നീ തത്വങ്ങളിൽ അധിഷ്ഠിതമായാണ് യൂറോപ്പ് യുദ്ധാനന്തരകാലത്ത് പുനർനിർമിക്കപ്പെട്ടത്. ഈ മൂല്യങ്ങൾക്ക് യൂറോപ്പിന്റെ ക്രൈസ്തവ വേരുകൾ വലിയ സംഭാവന നൽകിയിട്ടുണ്ട്. കൂടുതൽ ആഗോളവൽക്കരിക്കപ്പെട്ട ഇന്നത്തെ ലോകത്തും ഈ അടിസ്ഥാനമൂല്യങ്ങളും ക്രൈസ്തവ പൈതൃകത്തിൽനിന്നുള്ള ജീവശക്തിയും ആശ്രയിച്ചാണ് യൂറോപ്യൻ പദ്ധതിക്ക് പുതുജീവൻ ലഭിക്കേണ്ടതെന്ന് പാപ്പാ പറഞ്ഞു. വിവിധ മതവിഭാഗങ്ങളുടെ പ്രതിനിധികളുമായി മെറ്റ്സിൽ നടത്തിയ കൂടിക്കാഴ്ചയും അദ്ദേഹം അനുസ്മരിച്ചു. മതാന്തര സംവാദത്തിനും സമാധാനത്തിനുമായി പ്രതിനിധികൾ ഒപ്പുവച്ച "മെറ്റ്സ് ആഹ്വാനം" മതങ്ങൾ തമ്മിലുള്ള പരസ്പരബഹുമാനത്തിന്റെയും സഹകരണത്തിന്റെയും പ്രാധാന്യം വ്യക്തമാക്കുന്നതാണെന്നും പാപ്പാ പറഞ്ഞു. രണ്ടാം ലോകമഹായുദ്ധകാലത്ത് നാസി സൈനികർ കൊലപ്പെടുത്തിയ മൂന്ന് വൈദികരുടെ വാഴ്ത്തപ്പെട്ടവരായി പ്രഖ്യാപിക്കൽ സെപ്റ്റംബർ 27-ന് ബൊളോഞ്ഞയിൽ നടന്നതും ഇറ്റാലിയൻ ഭാഷക്കാരായ വിശ്വാസികളെ അഭിവാദ്യം ചെയ്യവേ പാപ്പാ അനുസ്മരിച്ചു. "ദൈവത്തിന്റെ ഈ ശുശ്രൂഷകർ നടത്തിയ പരമമായ ത്യാഗം, പരീക്ഷണങ്ങളുടെ സമയങ്ങളിൽ പ്രത്യേകിച്ചും സഹോദരീസഹോദരന്മാരോടൊപ്പം ഉറച്ചുനിൽക്കാനുള്ള ധൈര്യം ഇന്നത്തെ ക്രൈസ്തവർക്കു പകർന്നുനൽകുന്നു," അദ്ദേഹം പറഞ്ഞു.





വിശ്വാസം മറച്ചുവയ്ക്കരുത്

"ലോകത്തിന് ജീവൻ ലഭിക്കേണ്ടതിന്" എന്നതായിരുന്നു ഫ്രാൻസിലേക്കുള്ള തന്റെ അപ്പസ്തോലിക യാത്രയുടെ ആപ്തവാക്യമെന്ന് പാപ്പാ ഓർമിപ്പിച്ചു. ഈ യാത്ര സഭയ്ക്കും സമൂഹത്തിനും സമൃദ്ധവും നിലനിൽക്കുന്നതുമായ ഫലങ്ങൾ നൽകട്ടെയെന്നും അദ്ദേഹം ആശംസിച്ചു. ഫ്രാൻസിൽ കണ്ട യേശുക്രിസ്തുവിനോടുള്ള സ്നേഹത്തിന്റെ പരസ്യമായ സാക്ഷ്യം ആഗോളസഭയ്ക്കാകെ പ്രചോദനമാകണമെന്ന് പോർച്ചുഗീസ് ഭാഷക്കാരായ തീർഥാടകരെ അഭിവാദ്യം ചെയ്തുവേ പാപ്പാ പറഞ്ഞു. "നമ്മുടെ വിശ്വാസം മറച്ചുവയ്ക്കരുത്," അദ്ദേഹം ആഹ്വാനം ചെയ്തു. ഐറിഷ്, നോർത്ത് അമേരിക്കൻ കോളജുകളിലെ സെമിനാരി വിദ്യാർഥികൾക്ക് ആശംസ ഇംഗ്ലീഷ് ഭാഷക്കാരായ വിശ്വാസികളെ അഭിവാദ്യം ചെയ്തുവേ, പൊന്തിഫിക്കൽ ഐറിഷ് കോളജിൽനിന്നുള്ള സെമിനാരി വിദ്യാർഥികൾക്ക് പാപ്പാ പ്രത്യേക ആശംസകൾ നേർന്നു. ഒക്ടോബർ ഒന്നിന് ഡീക്കൻപട്ടം സ്വീകരിക്കുന്ന പൊന്തിഫിക്കൽ നോർത്ത് അമേരിക്കൻ കോളജിലെ വിദ്യാർഥികൾക്കൊപ്പമെത്തിയ തീർഥാടകരെയും അദ്ദേഹം അഭിവാദ്യം ചെയ്തു. ❍



ദൈവിക സംഭാഷണം

വത്തിക്കാനിൽ ബുധനാഴ്ചകളിൽ പതിവുള്ള പൊതുകൂടിക്കാഴ്ചയുടെ പുതിയൊരു പരമ്പരയാണ് ഈ വർഷത്തിലെ ആദ്യ ബുധനാഴ്ചയായ 2026 ജനുവരി ഏഴാം തീയതി ലിയോ പതിനാലാമൻ പാപ്പാ ആരംഭിച്ചത്. രണ്ടാം വത്തിക്കാൻ കൗൺസിലിന്റെയും അതിലെ പ്രധാന രേഖകളുടെയും പ്രാധാന്യവും സഭയിൽ അവയുടെ സാംഗത്യവും വിശകലനം ചെയ്യുന്ന ഒരു ഉദ്ബോധനപരമ്പര.

ഈ പ്രഭാഷണത്തിന്റെ മലയാള പരിഭാഷയാണിത് - ഭാഗം 3

അവതരണം: **ബ്ര. തോമസ് പോൾ കൊടിയൻ**



പ്രിയ സഹോദരീസഹോദരന്മാരേ,
സുപ്രഭാതം, എല്ലാവർക്കും സ്വാഗതം!

ദൈവിക വെളിപാടിനെക്കുറിച്ചുള്ള, രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ 'ദൈ വേർബും' (Dei Verbum) എന്ന പ്രമാണരേഖയെ ആസ്പദമാക്കിയുള്ള പ്രബോധനപരമ്പര നാം തുടരുകയാണ്. ദൈവം നമ്മോട് ഒരു സംഭാഷണത്തിലൂടെ—അതായത് ഒരു ഉടമ്പടിയിലൂടെ—അവിടുന്ന് നമ്മെ സുഹൃത്തുക്കളായി അഭിസംബോധന ചെയ്തുകൊണ്ട്, തന്നെത്തന്നെ വെളിപ്പെടുത്തുന്ന എന്ന് നാം കണ്ടു. അതിനാൽ, ഇതൊരു ബന്ധത്തെ അടിസ്ഥാനമാക്കിയുള്ള അറിവാണ്; ഇത് കേവലം ആശയങ്ങൾ കൈമാറുക മാത്രമല്ല, ഒരു ചരിത്രം പങ്കുവെക്കുകയും നമ്മെ ഐക്യത്തിലേക്കും



പരസ്പര കൂട്ടായ്മയിലേക്കും ക്ഷണിക്കുകയും ചെയ്യുന്നു. ദൈവം തന്നെത്തന്നെ നമുക്ക് നൽകുകയും, സാന്നിധ്യം അറിയിക്കുകയും ചെയ്യുന്ന ഒരു ചരിത്രപരമായ, വ്യക്തിപരമായ കൂടിക്കാഴ്ചയിലാണ് ഈ വെളിപാട് പൂർണ്ണതയിലെത്തുന്നത്. അപ്പോൾ, നമ്മുടെ ഏറ്റവും ആഴത്തിലുള്ള സത്യത്തിൽ ദൈവം നമ്മെ അറിയുന്നു എന്ന് നാം തിരിച്ചറിയുന്നു. യേശുക്രിസ്തുവിലാണ് ഇത് സംഭവിക്കുന്നത്. ദൈവത്തെക്കുറിച്ചും മനുഷ്യന്റെ രക്ഷയെക്കുറിച്ചുമുള്ള ഏറ്റവും ആഴത്തിലുള്ള സത്യം ക്രിസ്തുവിലൂടെ നമുക്കായി പ്രകാശിക്കുന്നു എന്ന് ഈ പ്രമാണരേഖ വ്യക്തമാക്കുന്നു; ക്രിസ്തു വെളിപാടിന്റെ മധ്യസ്ഥനും, എല്ലാ വെളിപാടുകളുടെയും പൂർണ്ണതയുമാണ് (കാണുക: DV, 2). പിതാവായ ദൈവവുമായുള്ള തന്റെ ബന്ധത്തിലേക്ക് നമ്മളെയും ഉൾപ്പെടുത്തിക്കൊണ്ട്, യേശു പിതാവിനെ നമുക്ക് വെളിപ്പെടുത്തിത്തരുന്നു. പിതാവായ ദൈവം അയച്ച പുത്രനിലൂടെ, "പരിശുദ്ധാത്മാവിനാൽ മനുഷ്യന് പിതാവിങ്കലേക്കുള്ള പ്രവേശനം ലഭിക്കുകയും, ദൈവിക സ്വഭാവത്തിൽ പങ്കാളികളാകാൻ കഴിയുകയും ചെയ്യുന്നു" (അതേ രേഖയിൽ). അതിനാൽ, പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്താൽ, പുത്രന് തന്റെ പിതാവുമായുള്ള ബന്ധത്തിലേക്ക് പ്രവേശിച്ചുകൊണ്ട് നാം ദൈവത്തെക്കുറിച്ചുള്ള പൂർണ്ണമായ അറിവിലേക്ക് എത്തിച്ചേരുന്നു. കർത്താവിന്റെ ആനന്ദനിർഭരമായ പ്രാർത്ഥനയെക്കുറിച്ച് സുവിശേഷകനായ ലൂക്കാ ഇക്കാര്യം സാക്ഷ്യപ്പെടുത്തുന്നുണ്ട്:

“ആ സമയംതന്നെ പരിശുദ്ധാത്മാവിൽ ആനന്ദിച്ച്, അവൻ പറഞ്ഞു: സ്വര്ഗനത്തിന്റെംയും ഭ്രമിയുടെയും കര്ത്താ വായ പിതാവേ, അവിടുത്തെ ഞാൻ സ്തുതിക്കുന്നു. എന്തെന്നാൽ, അങ്ങ് ഇവ ജ്ഞാനികളില്നിയന്നും ബുദ്ധിമാന്മാ ,രില്നിന്നും മറച്ചുവയ്ക്കുകയും ശിശുക്കള്ക്ക് വെളിപ്പെടുത്തുകയും ചെയ്തു. അതേ, പിതാവേ, അതായിരുന്നു അവിടുത്തെ അഭീഷ്ടം.എല്ലാ കാര്യങ്ങളും പിതാവ് എന്നെ ഏല്പിച്ചിരിക്കുന്നു. പുത്രനാരെന്ന് പിതാവല്ലാതെ ആരും ഗ്രഹിക്കുന്നില്ല; പിതാവാരെന്ന് പുത്രനും, പുത്രൻ ആര്ക്കുക വെളിപ്പെടുത്താനാഗ്രഹിക്കുന്നുവോ



അവനും അല്ലാതെ മറ്റാരും ഗ്രഹിക്കുന്നില്ല.(ലൂക്കാ 10 : 21–22) യേശുവിലൂടെ, ദൈവം നമ്മെ അറിയുന്നതുപോലെ തന്നെ നാമും ദൈവത്തെ അറിയുന്നു (ഗലാത്തിയാക്കാർക്ക് 4:9; 1 കൊരിന്ത്യർക്ക് 13:12 എന്നിവ കാണുക). ക്രിസ്തുവിലൂടെ ദൈവം തന്നെത്തന്നെ നമുക്ക് വെളിപ്പെടുത്തിത്തന്നു; അതോടൊപ്പം, 'വചനത്തിന്റെ' (Word) ഛായയിൽ സൃഷ്ടിക്കപ്പെട്ട മക്കൾ എന്ന നിലയിലുള്ള നമ്മുടെ യഥാർത്ഥ സ്വത്വവും അവിടുന്ന് നമുക്ക് വെളിപ്പെടുത്തിത്തന്നു. "ഓരോ മനുഷ്യനെയും പ്രകാശിപ്പിക്കുന്ന ഈ നിത്യവചനം" (ദൈവവചനം, 4), പിതാവിന്റെ ദൃഷ്ടിയിൽ മനുഷ്യന്റെ യഥാർത്ഥ സ്വഭാവം വെളിപ്പെടുത്തി. "രഹസ്യമായി കാണുന്ന നിന്റെ പിതാവ് നിനക്ക് പ്രതിഫലം നൽകും" (മത്തായി 6:4, 6, 8) എന്ന് യേശു അരുളിച്ചെയ്തു; കൂടാതെ, "നമ്മുടെ ആവശ്യങ്ങൾ പിതാവിന് അറിയാം" (മത്തായി 6:32 കാണുക) എന്നും അവിടുന്ന് കൂട്ടിച്ചേർത്തു. പിതാവായ ദൈവത്തിന്റെ യാഥാർത്ഥ്യം നാം മനസ്സിലാക്കുന്നത് യേശുക്രിസ്തുവിലൂടെയാണ്. പുത്രനായ ക്രിസ്തുവിലൂടെ, ദൈവം നമ്മെ അവിടുത്തെ പുത്രന്മാരും പുത്രിമാരുമായി കാണുന്നുവെന്നും, നാം എല്ലാവരും ഒരേ ലക്ഷ്യത്തിലേക്ക്, അതായത് പൂർണ്ണമായ ജീവിതത്തിലേക്ക് വിളിക്കപ്പെട്ടിരിക്കുന്നുവെന്നും നാം തിരിച്ചറിയുന്നു. വിശുദ്ധ പൗലോസ് എഴുതി: "എന്നാൽ, കാലം തികഞ്ഞപ്പോൾ, ദൈവം തന്റെ പുത്രനെ അയച്ചു... നാം പുത്രത്വം പ്രാപിക്കേണ്ടതിനാണ് അവിടുന്ന് അങ്ങനെ ചെയ്തത്. നിങ്ങൾ പുത്രന്മാരായതുകൊണ്ട്, 'അബ്ബാ, പിതാവേ!' എന്ന് വിളിച്ചപേക്ഷിക്കുന്ന തന്റെ പുത്രന്റെ ആത്മാവിനെ ദൈവം നമ്മുടെ ഹൃദയങ്ങളിലേക്ക് അയച്ചു" (ഗലാത്തിയാക്കാർക്ക് 4:4–6).

ചുരുക്കത്തിൽ, തന്റെ മാനുഷികതയിലൂടെ പിതാവിനെ നമുക്ക് വെളിപ്പെടുത്തിത്തന്നത് യേശുക്രിസ്തുവാണ്. മനുഷ്യർക്കിടയിൽ വസിച്ച, യഥാർത്ഥവും പൂർണ്ണവുമായ മാനുഷികതയുള്ള, അവതരിച്ച വചനമായ യേശു, ദൈവത്തെ നമുക്ക് വെളിപ്പെടുത്തിത്തരുന്നു. സഭാപ്രമാണരേഖ ഇപ്രകാരം പ്രസ്താവിക്കുന്നു: "അവിടുത്തെ കാണുക എന്നത് പിതാവിനെ കാണുന്നതുപോലെ

യാണ് (യോഹന്നാൻ 14:9 കാണുക). തന്റെ സമ്പൂർണ്ണ സാന്നിധ്യത്തിലൂടെയും സ്വയം വെളിപ്പെടുത്തലിലൂടെയും, വാക്കുകളിലൂടെയും പ്രവൃത്തികളിലൂടെയും, അടയാളങ്ങളിലൂടെയും അത്ഭുതങ്ങളിലൂടെയും, വിശേഷിച്ചും തന്റെ മരണത്തിലൂടെയും മരിച്ചവരിൽ നിന്നുള്ള മഹത്തായ ഉയിർത്തെഴുന്നേൽപിലൂടെയും, ഒടുവിൽ സത്യത്തിന്റെ ആത്മാവിനെ അയച്ചുകൊണ്ടും, അവിടുന്ന് വെളിപാടിനെ പൂർണ്ണവും സമ്പൂർണ്ണവുമാക്കുകയും ദൈവിക സാക്ഷ്യത്താൽ അതിനെ ഉറപ്പിക്കുകയും ചെയ്തു" (ദൈ വേർബും – Dei Verbum, 4). ക്രിസ്തുവിലൂടെ ദൈവത്തെ അറിയണമെങ്കിൽ, അവിടുത്തെ പൂർണ്ണമായ മാനുഷികതയെ നാം ഉൾക്കൊള്ളണം. മാനുഷികതയുടെ ഏതെങ്കിലും ഭാഗം ഒഴിവാക്കപ്പെട്ടാൽ അവിടെ ദൈവത്തിന്റെ സത്യം പൂർണ്ണമായി വെളിപ്പെടുന്നില്ല. അതേസമയം, യേശുവിന്റെ മാനുഷികതയുടെ പൂർണ്ണത, ദൈവിക ദാനത്തിന്റെ സമ്പൂർണ്ണതയെ ഒട്ടും കുറയ്ക്കുന്നുമില്ല. യേശുവിന്റെ സമഗ്രമായ മാനുഷികത തന്നെയാണ് പിതാവിനെക്കുറിച്ചുള്ള സത്യം നമുക്ക് വെളിപ്പെടുത്തിത്തരുന്നത് (യോഹന്നാൻ 1:18 കാണുക).

യേശുവിന്റെ മരണവും ഉയിർത്തെഴുന്നേൽപും മാത്രമല്ല നമ്മെ രക്ഷിക്കുകയും വിളിക്കുകയും ചെയ്യുന്നത്; മറിച്ച്, അവിടുത്തെ വ്യക്തിത്വം തന്നെയാണ്—അതായത്, മനുഷ്യനായി അവതരിക്കുകയും, ജനിക്കുകയും, രോഗികളെ സുഖപ്പെടുത്തുകയും, പഠിപ്പിക്കുകയും, സഹിക്കുകയും, മരിക്കുകയും, ഉയിർത്തെഴുന്നേൽക്കുകയും, ഇന്നും നമുക്കിടയിൽ വസിക്കുകയും ചെയ്യുന്ന കർത്താവായ യേശു തന്നെയാണത്. അതിനാൽ, അവതാരരഹസ്യത്തിന്റെ മഹത്വത്തെ ആദരിക്കണമെങ്കിൽ, യേശുവിനെ കേവലം ബൗദ്ധിക സത്യങ്ങൾ കൈമാറാനുള്ള ഒരു മാധ്യമമായി മാത്രം കാണുന്നത് പോരാ. യേശുവിന് യഥാർത്ഥമായ ഒരു മാനുഷിക ശരീരമുണ്ടെങ്കിൽ, ദൈവത്തിന്റെ സത്യം ആ ശരീരത്തിനുള്ളിലാണ് വെളിപ്പെടുന്നത്—യാഥാർത്ഥ്യത്തെ അവിടുന്ന് ഗ്രഹിക്കുന്നതിനും അനുഭവിക്കുന്നതിനുമുള്ള സവിശേഷമായ രീതിയിലൂടെയും, അവിടുന്ന് ഈ ലോകത്തിൽ ജീവിക്കുകയും സഞ്ചരിക്കുകയും ചെയ്യുന്ന രീതിയിലൂടെയും അത് സംഭവിക്കുന്നു. യാഥാർത്ഥ്യത്തെക്കുറിച്ചുള്ള തന്റെ കാഴ്ചപ്പാട് പങ്കിടാൻ യേശു നമ്മെ ക്ഷണിക്കുന്നുണ്ട്; അവിടുന്ന് പറഞ്ഞു: "ആകാശത്തിലെ പക്ഷികളെ നോക്കുവിൻ; അവ വിതയ്ക്കുന്നില്ല, കൊയ്യുന്നില്ല, കളപ്പുരകളിൽ ശേഖരിക്കുന്നില്ല; എങ്കിലും നിങ്ങളുടെ സ്വർഗ്ഗസ്ഥനായ പിതാവ് അവയെ പോറ്റുന്നു. അവയെക്കാൾ എത്രയോ വിലപ്പെട്ടവരാണ് നിങ്ങൾ!" (മത്തായി 6:26). സഹോദരീസഹോദരന്മാരേ, യേശുവിന്റെ ജീവിതയാത്രയെ അതിന്റെ അന്ത്യം വരെ നാം പിന്തുടരുകയാണെങ്കിൽ, ദൈവസ്നേഹത്തിൽ നിന്ന് നമ്മെ വേർപെടുത്താൻ ഒന്നിനും കഴിയില്ല എന്ന ഉറപ്പിലേക്ക് നാം എത്തിച്ചേരും. വിശുദ്ധ പൗലോസും ഇപ്രകാരം എഴുതി:"ദൈവം നമ്മുടെ പക്ഷത്തെങ്കിൽ ആരു നമുക്ക് എതിരുനില്ക്കും ?സ്വപുത്രനെപ്പോലും ഒഴിവാക്കാതെ, നമുക്കെല്ലാവര്ക്കും ുവേണ്ടി അവനെ ഏല്പിമച്ചുതന്നവൻ അവനോടുകൂടെ സമസ്തവും നമുക്കു ദാനമായി നല്കാൻതിരിക്കുമോ" (റോമാക്കാർക്ക് 8:31–32). യേശുവിന്റെ സഹായത്താൽ, ക്രിസ്ത്യാനി പിതാവായ ദൈവത്തെ അറിയുകയും, പൂർണ്ണ ആത്മവിശ്വാസത്തോടെ തന്നെത്തന്നെ അവിടുത്തെ കരങ്ങളിൽ ഏൽപിക്കുകയും ചെയ്യുന്നു. ❍



പ്ലാറ്റിനം ജൂബിലി നിറവിൽ ആലപ്പുഴ രൂപത

റൈറ്റ് റവ. ഡോ. ജെയിംസ് റാഫേൽ ആനാപറമ്പിൽ
ആലപ്പുഴ രൂപതാദ്ധ്യക്ഷൻ




ആലപ്പുഴ രൂപതയുടെ പ്ലാറ്റിനം ജൂബിലി വർഷത്തിന്റെ വിശ്വാസയാത്ര ആരംഭിക്കുകയാണ്. വിശുദ്ധ യോഹന്നാന്റെ സുവിശേഷം 15-ാം അധ്യായത്തിൽ വിവരിക്കുന്ന "ഞാൻ മുന്തിരിച്ചെടിയും നിങ്ങൾ ശാഖകളുമാണെന്ന ദിവ്യനാഥന്റെ പ്രബോധനമാണ് ഈ ജൂബിലി ആപ്തവാക്യത്തിന് അടിസ്ഥാനം. താനും ശാഖകളും ഒരേ ജീവൻ പങ്കിടുന്നു. ക്രിസ്തുവിൽ വസിക്കുക എന്നതിന്റെ അർത്ഥം അവിടുത്തെ ജീവനിൽ പങ്കുചേരുക എന്നാണ്. ക്രൈസ്തവ വിശ്വാസജീവിതത്തിന്റെ ഉറവിടവും ലക്ഷ്യവും ക്രിസ്തുവിന്റെ പ്രബോധനങ്ങളാൽ നവീകരിക്കപ്പെട്ടും വിശുദ്ധിയിൽ വളർന്നും നമ്മൾ ക്രിസ്തുവിന്റെ പ്രബോധനങ്ങളാൽ നവീകരിക്കപ്പെട്ടും വിശുദ്ധിയിൽ വളർന്നും നമ്മൾ ക്രിസ്തുവിൽ ഒന്നായിതീർന്ന് ആഴമായി വേരുറയ്ക്കുന്നു എന്നാണ്. ക്രിസ്തുവുമായുള്ള സഹവാസം സമൃദ്ധമായ ഫലംചൂടലിനു ശാഖകളെ പ്രാപ്തമാക്കുന്നു പരിശുദ്ധാത്മ ശക്തിയാൽ എല്ലാ സ്വർഗീയ അനുഗ്രഹങ്ങളും നിറഞ്ഞു പുത്തുലയുന്ന ജീവവൃക്ഷമായ ക്രിസ്തുവിന്റെ സജീവ ശാഖകളായി നിലകൊള്ളുന്നവർ ക്രിസ്തു സ്നേഹിച്ചതുപോലെ പരസ്പരം സ്നേഹിച്ചുകൊണ്ട് ജീവദായകമായ ഫലങ്ങൾ പുറപ്പെടുവിക്കുന്നു

ഭാഗ്യ സ്മരണാർഹനായ പന്ത്രണ്ടാം പീയുസ് പാപ്പാ 1952 ജൂൺ 19ന് പുറപ്പെടുവിച്ച 'എയ റഡംതോറിസ് വെർവ' എന്ന ഡിക്രി അഥവാ ബൂള പ്രകാരമാണ് കത്തോലിക്കാ സഭയിലെ ഒരു പ്രാദേശിക സഭയായി ആലപ്പുഴ രൂപത സ്ഥാപിതമായത്. ഈ ബൂള മുഖാന്തിരം അന്നത്തെ കൊച്ചി രൂപതയുടെ തെക്കൻ ഭാഗങ്ങൾ തിരുവനന്തപുരം ലത്തീൻ രൂപതയിൽ ചേർക്കുകയും വടക്കൻ ഭാഗങ്ങൾ രണ്ട് രൂപതകൾ ആയി വിഭജിക്കുകയും ചെയ്തു. ഒന്ന് കൊച്ചി എന്ന പേരിൽ തുടരുകയും മറ്റൊന്ന് പുതിയ മെ

ശ്രൂസനത്തിന്റെ ആസ്ഥാനമായ ആലപ്പുഴയുടെ പേരിൽ അറിയപ്പെടുകയും ചെയ്തു. 1952 മുതൽ തനതുപേരിൽ അറിയപ്പെട്ടെങ്കിലും നൂറ്റാണ്ടുകളായി ആലപ്പുഴ ശ്രൂപതയുടെ ചരിത്രം പരിശുദ്ധാ പിതാവ് പോൾ നാലാമൻ പാപ്പ 1557 ഫെബ്രുവരി നാലിന് സ്ഥാപിച്ച കൊച്ചി ശ്രൂപതയുടെ ചരിത്രവുമായി ഗാഢബന്ധമുള്ളതാണ്. അതോടൊപ്പം തന്നെ കൊച്ചിശ്രൂപതയിൽ ഉൾപ്പെട്ട് കഴിഞ്ഞിരുന്ന ആലപ്പുഴ ശ്രൂപത പ്രദേശങ്ങളിലെ ജനസമൂഹത്തിന്റെ പ്രത്യേക ചരിത്രവും ശ്രൂപതയ്ക്ക് അവകാശപ്പെട്ടതാണ്. മനക്കോടം പ്രദേശത്തെ പോർച്ചുഗീസ് പൂർവകാലത്തെ ക്രൈസ്തവ സാന്നിധ്യവും. പോർച്ചുഗീസ് ഭരണകാലത്ത് ഈശോസഭാ മിഷനറിമാർ നടത്തിയ നിതാന്ത പരിശ്രമങ്ങളും ആലപ്പുഴ ശ്രൂപത ഉൾക്കൊള്ളുന്ന ജനവിഭാഗത്തിന്റെ ശ്രൂപീകരണത്തിനും വളർച്ചയ്ക്കും നിസ്തുലമായ സംഭാവനകൾ നൽകിയിട്ടുണ്ട്. ഈശോസഭാ വൈദികർ അർത്തുങ്കൽ കേന്ദ്രമാക്കി തുടക്കം കുറിച്ച സെന്റ് ആൻഡ്രൂസ് മിഷൻ ആലപ്പുഴ ശ്രൂപത ഉൾക്കൊള്ളുന്ന ദൈവജനത്തിന്റെ വളർച്ചയിലും വിശ്വാസചരിത്രത്തിലും അതീവ പ്രാധാന്യമർഹിക്കുന്ന ഒന്നാണ്. ആലപ്പുഴ ശ്രൂപതാ സമൂഹത്തിന്റെ ചരിത്ര വഴികളിൽ തലയെടുപ്പോടെ നിൽക്കുന്ന മഹാമിഷനറിയാണ് ഈശോസഭാ വൈദികനായിരുന്ന ഫാദർ ജ്യാക്കൊമോ ഫെനിച്യോ (Arthunkal1584–1632) അതോടൊപ്പം വരാപ്പുഴ വികാരിയത്തിലെ മുൻ വികാരി അപ്പസ്തോലിക്ക മോൺസിഞ്ഞോർ ഔറേലിയോ സ്തബെല്ലിനി (Msgr. Aurelio Stabellini) (Arthunkal 1829–1831) അദ്ദേഹത്തിന്റെ സെക്രട്ടറിയായിരുന്ന ഫാദർ പാസ്കൽ ബൈലോൺ (Fr. Paschal Baylon) തുടങ്ങിയ മഹത് വ്യക്തിത്വങ്ങളെ ആദരവോടെ സ്മരിക്കുന്നു. അവരോടൊപ്പം തന്നെ ദൈവദാസരായ സെബാസ്റ്റ്യൻ പ്രസന്റേഷൻ അച്ചനെയും മോൺസിഞ്ഞോർ റൈനോൾഡ് പുരയ്ക്കലിനെയും പ്രാർത്ഥനാപൂർവ്വം അനുസ്മരിക്കുന്നു. തദ്ദേശീയരായ വൈദീക വിദ്യാർത്ഥികളുടെ ശ്രൂപീകരണത്തിനായി 1870 ഒക്ടോബർ 10നാണ് ആലപ്പുഴയിൽ തിരുഹൃദയ മേജർ സെമിനാരി പ്രവർത്തനം ആരംഭിച്ചത് ആലപ്പുഴയിലെ നമ്മുടെ പൂർവ്വികരുടെ വലിയ സമർപ്പണത്തിന്റെയും ദീർഘവീക്ഷണത്തിന്റെയും വ്യക്തമായ ഉദാഹരണമാണ്. 1929 വരെ ഇതു മേജർ സെമിനാരിയായി നിലകൊണ്ടു.

ആലപ്പുഴ ശ്രൂപതയെ വിശ്വാസത്തിലും വളർച്ചയിലും നയിച്ച നമ്മുടെ പൂർവസുരികളായ അഭിവന്ദ്യ മൈക്കിൾ ആറാട്ടുകുളം പിതാവ്. അഭിവന്ദ്യ പീറ്റർ ചേനപ്പറമ്പിൽ പിതാവ്, അഭിവന്ദ്യ സ്റ്റീഫൻ അത്തിപ്പൊഴിയിൽ പിതാവ് എന്നീ ദീർഘദർശികളും കർമ്മോത്സുകരുമായ ഇടയന്മാരെ ഈ ജൂബിലി വേളയിൽ കൃതജ്ഞതാപൂർവ്വം സ്മരിക്കുകയാണ്. അവരുടെ ത്യാഗോജ്വലമായ സമർപ്പണത്തിനും ദീർഘവീക്ഷണത്തിനും ഈ ശ്രൂപതാ സമൂഹം എന്നും കടപ്പെട്ടിരിക്കുന്നു. ഈ പുണ്യ പിതാക്കന്മാരോടൊപ്പം ചേർന്ന് അതീവ സമർപ്പണത്തോടെ ദൈവവേല ചെയ്ത അനേകം വൈദികരെയും സമർപ്പിതരെയും അൽമായ നേതാക്കളെയും ശ്രൂപതയുടെ ആത്മീയവും ഭൗതികവുമായ വളർച്ചയ്ക്ക് തറക്കല്ലിട്ട നമ്മുടെ പൂർവ്വികരായ ഏവരെയും ഈ മംഗളവേളയിൽ നന്ദിയോടെ ഓർക്കുകയും അവർക്കായി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

ദരിദ്രരെ ചേർത്തണയ്ക്കുന്ന ബൈബിൾ ദർശനത്തോട് ചേർന്നുനിന്നുകൊണ്ട് ആലപ്പുഴ ശ്രൂപത അതിന്റെ 75–ാം വാർഷിക ജൂബിലി പദ്ധതികൾക്ക് ശ്രൂപം നൽകിയിട്ടുള്ളത്. പുന്നപ്ര അസീസി ഹോസ്പ്പിസിന്റെ നിർമ്മാണം, ശ്രൂപതയിലെ അർഹരായ കുടുംബങ്ങൾക്കായി 75 ഭവനങ്ങളുടെ നിർമ്മാണം, കണ്ടക്കടവ് മിനി പാസ്റ്ററൽ സെന്റർ എന്നിവ സുമനസ്സുകളുടെ ദശാംശവും ആത്മാർത്ഥമായ സമർപ്പണവും വഴി പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രത്യാശിക്കുന്നു. ❍



മതാന്തര സംവാദത്തിന്റെ സമർപ്പിത ശുശ്രൂഷകൻ

ഫാ. ഇഗ്നേഷ്യസ് പുതിയിടം എസ്.ജെ.


ഫാ. ജോസഫ് ആന്റണി സാമി എസ്.ജെ.



ഭാരതീയ തത്ത്വചിന്ത, മതാന്തര സംവാദം, ആത്മീയ ശുശ്രൂഷ എന്നീ മേഖലകളിൽ പതിറ്റാണ്ടുകളോളം സേവനം ചെയ്ത ജെസ്യൂട്ട് വൈദികൻ ഫാ. ഇഗ്നേഷ്യസ് പുതിയിടം എസ്.ജെ. സെപ്റ്റംബർ 3-ന് അന്തരിച്ചു. 96 വയസ്സായിരുന്നു.

1930 ഫെബ്രുവരി 20-ന് കേരളത്തിലെ പാലായിൽ ജനിച്ച അദ്ദേഹം 1948 ഓഗസ്റ്റ് 21-ന് ഈശോസഭയിൽ ചേർന്നു. മുംബൈ, പൂനെ, ചെന്നൈ, കർസിയാങ് എന്നിവിടങ്ങളിലായി തത്ത്വശാസ്ത്രം, സംസ്കൃതം, ദൈവശാസ്ത്രം എന്നിവയിൽ പഠനം നടത്തി. 1962 മാർച്ച് 19-ന് വൈദികനായി. തുടർന്ന് റോമിലും ജർമ്മനിയിലെ ഇൻസ്ബ്രുക്കിലും ഉപരിപഠനം നടത്തിയ ഫാ. പുതിയിടം ഭാരതീയ തത്ത്വചിന്തയിൽ ഡോക്ടറൽ പഠനം പൂർത്തിയാക്കി. പ്രശസ്ത ജെസ്യൂട്ട് ദൈവശാസ്ത്രജ്ഞനായ ഫാ. കാൾ റാഹനറുടെ മാർഗനിർദേശവും അദ്ദേഹത്തിന് ലഭിച്ചു.

1970 മുതൽ ശെമ്പഗനൂരിലെ സേക്രഡ് ഹാർട്ട് കോളജിൽ 'ക്ലാസിക്കൽ ഇന്ത്യൻ തോട്ട്', 'ഇൻഡോളജി', 'ഇൻടഡക്ഷൻ ടു സംസ്കൃതം' എന്നീ വിഷയങ്ങൾ പഠിപ്പിച്ചു.



ഭാരതീയ തത്ത്വചിന്തയെ വ്യക്തവും ക്രമബദ്ധവുമായ രീതിയിൽ അവതരിപ്പിച്ച അധ്യാപകനെന്ന നിലയിൽ അദ്ദേഹം വിദ്യാർഥികളുടെ ആദരം നേടി. 'സത്യം' എന്ന ജേർണലിന്റെ എഡിറ്ററായും പ്രവർത്തിച്ചു. മലയാളം, തമിഴ്, ഇംഗ്ലീഷ്, ജർമ്മൻ, ലാറ്റിൻ, സംസ്കൃതം എന്നീ ഭാഷകളിൽ പ്രാവീണ്യമുണ്ടായിരുന്ന അദ്ദേഹം അക്കാദമിക പാണ്ഡിത്യത്തെ ആത്മീയവും മതാന്തരവുമായ സംവാദത്തിനുള്ള ഉപാധിയായി ഉപയോഗിച്ചു.

1981 മുതൽ 1996 വരെ വാരണാസിയിലെ മൈത്രി ഭവനിൽ സേവനം ചെയ്ത അദ്ദേഹം റിട്രീറ്റ് കേന്ദ്രവും മതാന്തര സംവാദകേന്ദ്രവും സ്ഥാപിക്കുന്നതിൽ പ്രധാന പങ്കുവഹിച്ചു. തുടർന്ന് കന്യാകുമാരിയിൽ മതാന്തര സംവാദത്തിനും ആത്മീയ ശുശ്രൂഷയ്ക്കുമായി 'തൊഴമൈ ഇല്ലം' സ്ഥാപിക്കുന്നതിലും നേതൃത്വം നൽകി. 2000 മുതൽ 2004 വരെ ജംഷഡ്പൂരിലെ എക്സ്എൽആർഐയിൽ ബിസിനസ് എത്തിക്സ് പഠിപ്പിച്ചു. ചെന്നൈ, തിരുവനന്തപുരം, ദിണ്ടിഗൽ എന്നിവിടങ്ങളിലും ആത്മീയ ശുശ്രൂഷ നിർവഹിച്ചു. 2015 മുതൽ ദിണ്ടിഗലിലെ ബെഷി ഇല്ലത്തിൽ റിട്രീറ്റുകൾ നയിക്കുകയും ഗ്രന്ഥരചന നടത്തുകയും ചെയ്തു. 'Meditation and Wholeness', 'God, World and Man in Madhva' എന്നിവ ഉൾപ്പെടെ 25–ലേറെ ഗ്രന്ഥങ്ങൾ അദ്ദേഹം പ്രസിദ്ധീകരിച്ചിട്ടുണ്ട്. ലാളിത്യപൂർണമായ ജീവിതവും മറുമതവിശ്വാസികളോടുള്ള തുറന്ന മനസ്സോടെയുള്ള സംവാദവും ഫാ. പുതിയിടത്തിന്റെ ശുശ്രൂഷയുടെ പ്രത്യേകതകളായിരുന്നു. തന്റെ മതവിശ്വാസങ്ങളിൽ ഉറച്ചുനിന്നുകൊണ്ട് മറ്റുള്ളവരുടെ വിശ്വാസങ്ങളെയും പാരമ്പര്യങ്ങളെയും മനസ്സിലാക്കാനും സംവദിക്കാനും അദ്ദേഹം ശ്രമിച്ചു. ഗവേഷകരെയും സഹപ്രവർത്തകരെയും വിദ്യാർഥികളെയും സഹായിക്കുന്നതിൽ അദ്ദേഹം പ്രത്യേക ശ്രദ്ധ പുലർത്തിയിരുന്നു. ഭാരതീയ ദർശനത്തിലുള്ള അദ്ദേഹത്തിന്റെ പാണ്ഡിത്യവും ആത്മീയ ശുശ്രൂഷയോടുള്ള പ്രതിബദ്ധതയും നിരവധി വിദ്യാർഥികളെയും ജെസ്യൂട്ട് അംഗങ്ങളെയും സ്വാധീനിക്കുകയുണ്ടായി. ഫാ. പുതിയിടത്തിന്റെ ജീവിതം പാണ്ഡിത്യവും ആത്മീയതയും മതാന്തര സംവാദവും ലളിതജീവിതവും ദൗത്യബോധവും സമന്വയിപ്പിച്ച ഒരു ജെസ്യൂട്ട് സാക്ഷ്യമാണ്. ❍



വെട്ടുകാട് ദേവാലയത്തിൽ മുഴങ്ങുന്ന അപൂർവമണിനാദം

ജെക്കോബി
ചീഫ് എഡിറ്റർ ജീവനാദം



പൾസേറ്റർ ദേവാലയ മണിയുടെ ഉപജ്ഞാതാവായ ഫെലിക്സ് മഡോണയുടെ ഓർമ്മകളിൽ നിന്ന് ഒരേട്.

തിരുവനന്തപുരത്ത് വെട്ടുകാട് മാദ്രെ ദെ ദേവൂസ് പള്ളിയിലേക്ക് 2015-ൽ ഫ്രാൻസിൽ നിന്ന് പക്കാർഡിന്റെ മൂന്നു മണികൾ ഇറക്കുമതി ചെയ്ത കഥ ഫെലിക്സ് ഓർക്കുന്നു. പക്കാർഡ് കമ്പനിക്കാരുമായി മണിയുടെ ചില സാങ്കേതിക വശങ്ങൾ വിശദീകരിക്കാൻ ഭാഷാപരമായ പരിമിതികൾ അനുഭവപ്പെട്ടപ്പോൾ, വികാരിയച്ചൻ, മോൺ. നിക്കൊളാസ് താർസിയൂസിന്റെ സഹായം തേടി. മോൺ. നിക്കൊളാസ് അനർഗളം ഫ്രഞ്ച് സംസാരിക്കുന്നതു കേട്ട് താൻ ആശ്ചര്യം പൂണ്ടെന്ന് ഫെലിക്സ് പറയുന്നു. പക്കാർഡ് മണികൾ എത്തിയപ്പോൾ അത് പഴയ രീതിയിൽ അടിച്ചാൽ മതി, പൾസേറ്റർ ആവശ്യമില്ലെന്ന് പാരിഷ് കൗൺസിലിൽ ചിലർ അഭിപ്രായപ്പെട്ടു. മോൺ. നിക്കൊളാസിന്റെ നിശ്ചയദാർഢ്യം കൊണ്ടാണ് വെട്ടുകാട് പള്ളിമണികൾക്ക് പൾസേറ്റർ ഓട്ടോമേഷൻ സാധ്യമായതെന്ന് ഫെലിക്സ് എടുത്തുപറയുന്നുണ്ട്. പാളയത്തെ സെന്റ് ജോസഫ് കത്തീഡ്രലിലും മോൺ. നിക്കൊളാസ് മൂന്നു പൾസേറ്റർ വച്ചു. മൂന്നു ദിവസത്തെ ഷോർട്ട് നോട്ടീസിലാണ് പാറ്റൂർ പള്ളിയിൽ വിദേശനിർമിത മണി ഉയർത്തി പൾസേറ്റർ ഘടിപ്പിച്ചത്.

വിഴിഞ്ഞത്തെ പള്ളിയിലും ഒരു പൾസേറ്ററും ചാന്റും മഡോണയിൽ നിന്ന് അദ്ദേഹം വാങ്ങുകയുണ്ടായി. ബിഹാറിലെ ഭഗൽപുറിലെ കച്ചാരിചൗക്കിലെ സെന്റ് ബെനഡിക്റ്റ് പള്ളിയിലേക്ക് ഒരു പൾസേറ്റർ ഓർഡർ ചെയ്യാൻ വന്ന ബിഷപ് കുര്യൻ വലിയകണ്ടത്തിൽ ഭഗൽപുർ കത്തീഡ്രലിലേക്ക് നാല് മണികളും ശ്രുതയിലെ മറ്റു ദേവാലയങ്ങളിലേക്കായി 12 മണികളും ഉൾപ്പെടെ മൊത്തം 1,932 കിലോ ഭാരം വരുന്ന 16 മഡോണ മണികൾ കൊണ്ടുപോയ കഥയും ഫെലിക്സ് പറയും.

ബെംഗളൂരുവിനടുത്ത് ഹെസരഘട്ടയിൽ സെന്റ് ജോർജ് മലബാർ സ്വതന്ത്ര സുറിയാനി ഓർത്തഡോക്സ് സഭയുടെ പുതിയ ദേവാലയത്തിനായി മഡോണ ഫൗണ്ട്രിയിൽ നിർമിച്ച 536 കിലോ ഭാരമുള്ള മണിക്കൊപ്പം ഫ്രാൻസിൽ നിന്ന് ഇറക്കുമതി ചെയ്യുന്ന ഏഴ് 'പക്കാർഡ് സംഗീതമണികൾ' കൂടി സെറ്റ് ചെയ്യുന്നുണ്ട്. പിയാനോ കീയിൽ ഡയടോണിക് സ്കെയിലിൽ 22 ബെല്ലുകളുടെ ചൈമുകൾ സെറ്റ ചെയ്യുന്നതു പോലെ, ഓർഗൻ കീബോർഡിൽ കർണാടക സംഗീതത്തിലെ ഷഡ്ജം, ഋഷഭം, ഗാന്ധാരം, മധ്യമം, പഞ്ചമം, ധൈവതം, നിഷാദം എന്നീ സപ്തസ്വരങ്ങൾ വായിച്ച് റെക്കോർഡ് ചെയ്താൽ ഹെസരഘട്ടയിലെ മണികൾ ആ സംഗീതം ആലപിച്ചുകൊണ്ടിരിക്കും. ഫ്രാൻസിൽ നിന്ന് ഇറക്കുമതി ചെയ്യുന്ന ഏഴ് 'പക്കാർഡ് സംഗീതമണികൾ' കൂടി ഇതിനൊപ്പം മഡോണ പൾസേറ്റർ ഈ ദേവാലയ മണിഗോപുരത്തിൽ സെറ്റ് ചെയ്യുന്നുണ്ട്. പൊട്ടുകയോ മറ്റേതെങ്കിലും തരത്തിൽ കേടുപാടു സംഭവിക്കുകയോ ചെയ്ത പുരാതന മണികൾ വീണ്ടും ഉരുക്കിവാർത്ത് ഒറിജിനൽ ടെക്സ്ചർ വീണ്ടെടുത്ത് പോളിഷ് ചെയ്ത് നവീകരിക്കുന്നതിൽ മഡോണ മികവു തെളിയിച്ചിട്ടുണ്ട്. കൽക്കട്ടയിലെ സ്റ്റെല്ലാ മാരിസ് ദേവാലയത്തിന് വിൽസ് കമ്പനി 1947–ൽ സംഭാവന ചെയ്ത, ചെക്കോസ്ലോവാക്യയിൽ നിർമിച്ച 450 കിലോ ഭാരമുള്ള മണി പൊട്ടിയ അവസ്ഥയിൽ മഡോണയിലെത്തിച്ച് അതിലെ ഒറിജിനൽ ചിത്രീകരണങ്ങൾ നഷ്ടപ്പെടാത്തവണ്ണം അതു വീണ്ടും വാർത്തെടുത്ത് മനോഹരമായി പുനഃസൃഷ്ടിക്കുകയുണ്ടായി. അലഹാബാദ് സെന്റ് ജോസഫ് കത്തീഡ്രലിലെ അഞ്ച് പുരാതന മണികൾ ഇതുപോലെ 2020 സെപ്റ്റംബറിൽ ഉരുക്കിവാർത്ത് നവീകരിച്ചു. രണ്ടുവർഷത്തിനിടെ ഇത്തരം ഏറു മണികളാണ് മഡോണ റീമോൾഡ് ചെയ്തത്. പഴയ മണികൾ ഉരുക്കിവാർക്കുന്ന കൂട്ടത്തിൽ ഫെലിക്സിന് മറക്കാനാവാത്ത ഒരു അനുഭവമുണ്ട്: തൃശൂരിലെ അമ്മാടം സെന്റ് ആന്റണീസ് പള്ളി പുതുക്കിപ്പണിയുകയായിരുന്നു, 2014–ൽ. മണിയുടെ കാര്യം അന്വേഷിക്കാൻ ചെന്നപ്പോൾ ഫാ. ജോസഫ് മുരിങ്ങത്തുശേരി പറഞ്ഞു, "ഇവിടെ രണ്ടു പഴയ മണികൾ കിടപ്പുണ്ട്. അത് ഉരുക്കി ഒരൊറ്റമണിയാക്കിയാൽ കൊള്ളാം." മണ്ണിൽ പുതഞ്ഞുകിടന്നിരുന്ന രണ്ടു പഴയ മണികൾ വണ്ടിയിൽ കയറ്റാനെടുത്തപ്പോൾ ഒരു മണി എന്തിലോ മുട്ടി കേട്ട നാദം അതീവഹൃദ്യമായിരുന്നു. പഴയ മണികൾ പോളിഷ് ചെയ്യാറുള്ള അച്യുട്ടിയുടെ പക്കൽ മണികളെത്തിച്ചു. "നല്ല ഇമ്പമുള്ള മണിയാണ്. ഇത് ഉടച്ചുവാർക്കുന്നതിനു പകരം അതുതന്നെ ഭാരമുള്ള പുതിയൊരു മണി ഉണ്ടാക്കികൊടുത്താൽ മതിയല്ലോ." രണ്ടും പോളിഷ് ചെയ്തെടുക്കാൻ പറഞ്ഞ് ഫെലിക്സ് വീട്ടിൽ എത്തേണ്ട താമസം അച്യുട്ടിയുടെ ഫോൺ വന്നു. ആകെ പരിഭ്രാന്തനായ മട്ടിൽ അച്യുട്ടി പറഞ്ഞു: "ഈ മണി നമുക്ക് തൊടാൻ പറ്റില്ല, സാറേ! പഞ്ചലോഹമാണ്. ആകെ പ്രശ്നമാകും!" സ്വർണവും വെള്ളിയും ചെമ്പും വെളുത്തീയവും ഇരുമ്പും ചേർന്ന പഞ്ചലോഹം സാധാരണഗതിയിൽ വിഗ്രഹങ്ങൾക്ക് ഉപയോഗിക്കുന്നതാണ്.

പുരാവസ്തുവിന്റെ മൂല്യമുള്ള പഞ്ചലോഹ നിർമിതികളുടെമേൽ സർക്കാരിനും അവകാശവാദം ഉന്നയിക്കാം. "ഞാൻ ഉടനെ അമ്മാടം പള്ളിയിലെ അച്ചനെ വിളിച്ചു. വിവരം ധരിപ്പിച്ചു. ഉടൻ വന്ന് പഞ്ചലോഹ മണി കൊണ്ടുപോയി സുരക്ഷിതമായി സൂക്ഷിക്കാൻ പറഞ്ഞു," ഫെലിക്സ് അനുസ്മരിച്ചു. രാത്രിതന്നെ അച്ചൻ വണ്ടിയുമായെത്തി രണ്ടു



G5 മുതൽ F#6 വരെ ശ്രേണിയിൽ പ്രവർത്തിക്കുന്ന, പൂർണമായി കീബോർഡിൽ വായിക്കാൻ കഴിയുന്ന ഏറ്റവും വലിയ ഇലക്ട്രോ മെക്കാനിക്കൽ 8-ബെൽ ഹാർമണി സിസ്റ്റം എന്ന റെക്കോർഡിന്, കർണാടകയിലെ ബെംഗളൂരു സെന്റ് ജോർജ് മലബാർ ഇൻഡിപെൻഡന്റ് സിറിയൻ പള്ളി 2026 മെയ് 29ന് അർഹമായിക്കൊണ്ട് ലോക റെക്കോർഡുകളുടെ ഔദ്യോഗിക രജിസ്ട്രാർ വേൾഡ് റെക്കോർഡ്സ് യൂണിയന്റെ സർട്ടിഫിക്കറ്റ് കരസ്ഥമാക്കി.

പ്രോഗ്രാം ചെയ്യാവുന്ന ഹാർമണി ഓട്ടോമേഷനും കീബോർഡും ഉപയോഗിച്ച് പ്രവർത്തിപ്പിക്കുന്ന ഇലക്ട്രോ മെക്കാനിക്കൽ സ്ട്രൈക്കിംഗ് സംവിധാനമുള്ള, ഇലക്ട്രോണിക് നിയന്ത്രിതമായ 8 മണികളാണ് ഈ ഇൻസ്റ്റലേഷനിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഇത് പൂർണമായി കീബോർഡിൽ വായിക്കാൻ സാധിക്കുന്ന ഒരു സംയോജിത ബെൽ ഹാർമണി സിസ്റ്റമാണ്. ഇപ്രകാരം രൂപകല്പന ചെയ്തത് **PULSATOR** സംവിധാനത്തിൽ മഡോണ ഇലക്ട്രോണിക്സാണ്.

ഇപ്പോൾ കേരളത്തിലെ 14 ജില്ലകളിലും ഭാരതത്തിലെ 26 സംസ്ഥാനങ്ങളിലുമായി വിവിധ ആരാധനാലയങ്ങളിലും സ്ഥാപനങ്ങളിലുമായി രണ്ടായിരത്തിലധികം മണികൾ പൾസേറ്റർ സംവിധാനത്തിൽ ഓട്ടോമാറ്റിക്കായി പ്രവർത്തിക്കുന്നുണ്ട്.

മണികളും തിരിച്ചുകൊണ്ടുപോയി. പഞ്ചലോഹ മണിയെക്കുറിച്ച് കേട്ടറിഞ്ഞ് പള്ളിയിൽ സന്ദർശകരുടെ പ്രവാഹമായി. പണി നടക്കുന്ന പള്ളിയിൽ അത് സുരക്ഷിതമായി സൂക്ഷിക്കാൻ പറ്റില്ലെന്ന മനസിലാക്കി ബിഷപ് ഇടപെട്ടു. എത്രയും വേഗം മണിമാളിക പണി തീർത്ത് മണികൾ മേലെ കയറ്റാനായിരുന്നു നിർദേശം. അങ്ങനെ പള്ളി പണിതീരും മുൻപേ മണിമാളിക ഒരുക്കി രണ്ടു മണികളും ആശീർവദിച്ച് ഉയരത്തിൽ തൂക്കി, ആരും കയറാതിരിക്കാൻ അതിന്റെ കോവണി മാറ്റുകയും ചെയ്തു. പള്ളിയിൽ നിന്ന് ആറു കിലോമീറ്റർ അകലെ നിന്ന് ഒരാൾ ആ പഞ്ചലോഹ മണിയുടെ ഒച്ചകേട്ട് പരാതിപ്പെട്ടകാര്യം വികാരിയച്ചൻ പറയാറുണ്ടായിരുന്നു.

തൃശ്ശൂരിലെ മറ്റൊരു ഗ്രാമപ്രദേശത്ത് പുതിയ പള്ളിക്ക് ശിലാസ്ഥാപനം നടത്താൻ പലതരം തടസങ്ങൾ നേരിട്ടുകൊണ്ടിരുന്നു. ഒടുവിൽ മെത്രാൻ വന്നു കല്ലിടാൻ നിശ്ചയിച്ച ദിവസം രാവിലെ പരവതാനി വിരിക്കുന്ന നിലം ഒന്നു നിരപ്പാക്കാൻ ഒരു കൈക്കാരൻ തന്റെ ട്രാക്റ്ററുമായെത്തി. കാർപെറ്റിൽ വീണുകിടന്നിരുന്ന മണ്ണു നീക്കം ചെയ്യാൻ അയാൾ ഇറങ്ങിയതും എങ്ങനെയോ ട്രാക്റ്റർ നിയന്ത്രണം വിട്ടു നീങ്ങി അയാൾ അതിനടിയിൽപെട്ടു മരണമടഞ്ഞു. അവിടെ ആദ്യം ദൈവസാന്നിധ്യം വിളിച്ചറിയിക്കാൻ മണി പ്രതിഷ്ഠിച്ച് ദുഷ്ടശക്തികളെ ആട്ടിപ്പായിക്കാനാണ് ബിഷപ് നിർദേശിച്ചത്. ❍

അങ്കമാലി യൂദാപുരം
തീർത്ഥാടന ദൈവാലയത്തിൽ

അപ്പോസ്തലനായ
വി. യൂദാ
തദ്ദേവൂസിന്റെ

തിരുനാൾ മഹാമഹം

ഒക്ടോബർ 25 മുതൽ 29 വരെ

ഊട്ടു തിരുനാൾ മഹോത്സവം


2026 ഒക്ടോബർ 29ന്



St. Jude Shrine, Yoodhapuram


Kidangoor PO - 683 572, Angamaly,Ernakulam, Kerala, India.
Ph: 94 462 06 832 I info@yoodhapuram.org I www.yoodhapuram.org

Holy Mass @ Yoodhapuram : *Week days 6.00 am, 7.00 am & 6.00 pm*
Wednesdays 6.00am, 7.00am, 10.30am & 6.00pm
Thursdays 6.00 am, 7.30 am, 10.30 am 3.30pm, 5.00 pm, 6.30 pm, 7.35 pm (English Mass)
Sundays 6.30 am, 8.00am, 9.30 am & 6.00 pm



ലോകഹൃദയദിനത്തിൽ ഡോ. ജോർജ് തയ്യിൽ എഴുതിയ ഡി സി ബുക്ക്സ് ബെസ്റ്റ് സെല്ലെർ "ഹാർട്ടറ്റാക്ക്: ഭയപ്പെടാതെ ജീവിക്കാം" എന്ന ഗ്രന്ഥത്തിന്റെ നാലാമത് പതിപ്പിന്റെ വിതരണോദ്ഘാടനം വരാപ്പുഴ അതിരൂപത വികാർ ജനറൽ മോൺ മാത്യു കല്ലിങ്കൽ നിർവഹിച്ചപ്പോൾ. ലൂർദ് ആശുപത്രി അസോ ഡയറക്ടർ ഫാ ആന്റണി റാഫേൽ, സെന്റ് ആൽബർട്ട്സ് കോളേജ് മാനേജർ ഫാ. ഡോ. ആന്റണി തോപ്പിൽ, കാർഡിയോളജിസ്റ്റ് ഡോ. എസ്. സുജിത്കുമാർ, പ്രിൻസിപ്പൽ ഡോ ജോസഫ് റിബെല്ലോ എന്നിവർ സമീപം.

ഡോ ജോർജ് തയ്യിൽ എഴുതിയ പുസ്തകങ്ങൾ ഡിസി / കറന്റ് ബുക്സ് സ്റ്റോറുകളിലും ഡിസി ബുക്സ് ഓൺലൈൻ സ്റ്റോറിലും ലഭ്യമാണ്



റെജി ആന്റണി ചടയംമുറി രചിച്ച 'സ്നേഹത്തിലൂടെ ആത്മീയവിജയം' എന്ന ഗ്രന്ഥത്തിന്റെ ആദ്യ കോപ്പി ജോയ് വഞ്ചിപുരയ്ക്ക് നൽകി. കോട്ടപ്പുറം മെത്രാൻ റൈറ്റ് റവ. ഡോ. അംബ്രോസ് പുത്തൻവീട്ടിൽ പ്രകാശനം ചെയ്തപ്പോൾ. ഗ്രന്ഥകർത്താവ്, റെജി ആന്റണി അദ്ദേഹത്തിന്റെ ഭാര്യ ലിഷ എന്നിവർ സമീപം.
(പുസ്തകം ലഭിക്കാൻ whatsapp number : 8089645243)

കെ.സി.ബി.സി. പ്രൊഫഷണൽ നാടക മേള : 'ഒരു സുന്ദര ദിവസം' നല്ല നാടകം

കൊച്ചി: നാടിന്റെ പ്രതിസന്ധികൾ നാം കാണുന്നത് നാടകത്തിലൂടെയാണ് അതിനാൽ നാടകത്തിന് എല്ലാ പിന്തുണയും നൽകണം നാടകത്തെ പ്രോത്സാഹിപ്പിക്കണം. അതിന് കെ. സി. ബി. സി. നടത്തുന്ന ശ്രമം എടുത്തുപറയേണ്ടതാണ്. കെ സി ബി സി അഖില കേരള പ്രൊഫഷണൽ നാടക മേളയുടെ സമാപന സമ്മേളനം ഉദ്ഘാടനം ചെയ്തുകൊണ്ട് ഫിഷറീസ് & സാമൂഹ്യനീതി വകുപ്പ് മന്ത്രി വി. ഇ. അബ്ദുൾ ഗഫൂർ പറഞ്ഞു കെ. സി. ബി. സി. മീഡിയ കമ്മീഷൻ വൈസ് ചെയർമാൻ ബിഷപ്പ് അംബ്രോസ് പുത്തൻ വീട്ടിൽ അധ്യക്ഷത വഹിച്ചു. സിനിമ സംവിധായകൻ ഷെയ്സൺ പി ഔസേപ്പ് മുഖ്യാതിഥിയായി, പി. ഒ. സി. ഡയറക്ടർ റവ ഫാ തോമസ് തറയിൽ, ടി ജെ വിനോദ് എം. എൽ. എ. കെ. സി. ബി. സി. മീഡിയ സെക്രട്ടറി ഫാ. സെബാസ്റ്റ്യൻ മിൽട്ടൺ എന്നിവർ പ്രസംഗിച്ചു. ജൂറി അംഗം ഡോ. ചന്ദ്രദാസ് നാടകങ്ങളെ വിലയിരുത്തി സംസാരിച്ചു മികച്ച നാടകമായി തിരുവനന്തപുരം, മലയാള നാടകവേദിയുടെ ഒരു സുന്ദര ദിവസം മികച്ച രണ്ടാമത്തെ നാടകമായി തിരുവനന്തപുരം സംസ്കൃതിയുടെ ഭ്രട്ടാനി എന്നിവയും മികച്ച രചനയ്ക്കുള്ള പുരസ്കാരം ശ്രീകുമാർ മാരാത്ത് നേടി (ഒരു സുന്ദര ദിവസം) മികച്ച സംവിധായികയായി സന്ധ്യാ രാജേന്ദ്രൻ തിരഞ്ഞെടുക്കപ്പെട്ടു. (നാടകം, ഇപ്പോൾ അല്ലെങ്കിൽ എപ്പോൾ, കാളിദാസ കലാകേന്ദ്രം) മികച്ച നടനായി ആർ.എസ്. അയ്യർ (നാടകം ഭ്രട്ടാനി, തിരുവനന്തപുരം സംസ്കൃതി) മികച്ച നടിയായി ഇന്ദുശ്രീ (നാടകം ഭ്രട്ടാനി, തിരുവനന്തപുരം സംസ്കൃതി) എന്നിവരും തിരഞ്ഞെടുക്കപ്പെട്ടു. ജൂറിയുടെ പ്രത്യേക പരാമർശം. വിനോദ് കൃണ്ടുകാട് (നടൻ) ഇപ്പോൾ അല്ലെങ്കിൽ എപ്പോൾ, കാളിദാസ കലാകേന്ദ്രം, ശ്വാസം (നാടകം) കോഴിക്കോട് സങ്കീർത്തന





യവനികയ്ക്ക് പിന്നിലെ കലാപ്രതിഭ

ബേബിച്ചൻ എർത്തയിൽ



പ്രമുഖ നാടക സംവിധായകനും തൃശ്ശൂർ സ്കൂൾ ഓഫ് ഡ്രാമ ആൻഡ് ഫൈൻ ആർട്ട്സ് അദ്ധ്യാപകനുമായ ഡോ. ഷിബു എസ്. കൊട്ടാരം (57) ആഗസ്റ്റ് 7 നാണ് വിട പറഞ്ഞത്. നാടക-രാഷ്ട്രീയ സാമൂഹ്യ രംഗത്തെ പ്രമുഖരടക്കം ആദരാഞ്ജലികളർപ്പിച്ചു. കേരള സർക്കാരിനും മുഖ്യമന്ത്രിക്കും വേണ്ടി പാലാ ആർ.ഡി.ഒ. ഷാഫിനാ രാമകൃഷ്ണൻ അന്ത്യോപചാരമർപ്പിച്ചു.

1993-മുതൽ ഏതാനും വർഷങ്ങൾ പുതുശ്ശേരി ഫിലിം ഇൻസ്റ്റിറ്റ്യൂട്ടിലും അദ്ധ്യാപകനായിരുന്നു. 2000- മുതൽ 2004 വരെ കേരള ചലച്ചിത്ര അക്കാദമിയുടെ ഡെപ്യൂട്ടി ഡയറക്ടറായിരുന്നു. മികച്ച നാടക സംവിധായകനും നാടകാദ്ധ്യാപകനുമായ ഡോ. ഷിബു- മൂന്നു പതിറ്റാണ്ടിലേറെയായി നാടക രംഗത്തു സജീവമായിരുന്നു. നാടകകലയുടെ മർമ്മമറിഞ്ഞ ഈ സംവിധായക പ്രതിഭ, സ്വതന്ത്ര്യത്തിന്റെ മുറിവുകൾ, കനൽപാത, കർണഭാരം, സ്പാർട്ടക്കസ്, പ്രിയപ്പെട്ട അവിവാഹിതൻ, മരിക്കാൻ വിസമ്മതിക്കുന്ന ഞങ്ങൾ തുടങ്ങി ഒട്ടേറെ നാടകങ്ങൾ സംവിധാനം ചെയ്തിട്ടുണ്ട്. കേരളത്തിലെയും തമിഴ്നാട്ടിലെയും വിവിധ പ്രൊഫഷണൽ നാടകസംഘങ്ങൾക്കായി ദീപ സംവിധാനവും നിർവഹിച്ചിട്ടുണ്ട്.



സ്നേഹത്തിന്റെ ചഷകങ്ങളിൽ വിദ്വേഷ വിഷം പതയുമ്പോൾ...

ആന്റണി ചടയംമുറി

വാർത്ത

തൃശ്ശൂർ ജില്ലയിലെ കാറളം എന്ന ഗ്രാമത്തിൽ 16 പവൻ സ്വർണാഭരണങ്ങൾക്കുവേണ്ടി അയൽക്കാരനായ ഒരാൾ ഒരു വയോധികയെ അതിക്രൂരമായി കൊലപ്പെടുത്തിയ വാർത്ത നാം കേട്ടു. ഏഴാം ക്ലാസ് മുതൽ ഒന്നിച്ചു പഠിച്ചവരാണ് ഇടുക്കി ജില്ലയിൽ നിന്നുള്ള ദുരന്ത കഥയിലെ നായികയും നായകനും. വീട്ടുകാർക്കു കൂടി അറിയാമായിരുന്ന ഈ സ്നേഹബന്ധത്തിന്റെ ക്ലൈമാക്സിൽ നാം കാണുന്നത് നായികയുടെ കത്തിക്കരിഞ്ഞ ജഡമാണ്. 18 വയസ്സേയുള്ളൂ ഈ പെൺകൊടിക്ക്. ഈ കൊടുംക്രൂരത്യം നടത്തിയെന്ന് പൊലീസ് കരുതുന്ന നായകന്റെ പ്രായം വെറും പത്തൊമ്പത്. അടുപ്പാടിയിൽ ചിലർ അടിച്ചുകൊന്ന മധുവിന്റെ പിന്നാലെ ഊരും പേരുമറിയാത്ത മറ്റൊരു 45 കാരനും ആൾക്കൂട്ട ആക്രമണത്തിൽ കൊല്ലപ്പെട്ടു. പ്രതികൾ 21നും 35നും മധ്യേ പ്രായമുള്ളവരാണെന്ന് പൊലീസ് പറയുന്നു. കുടുംബം, സമൂഹം എന്നിവിടങ്ങളിലെ സത്യത്തിൽ ഊന്നിയ സ്നേഹത്തിന്റെ വർണ നൂലുകൾ പൊട്ടിത്തകർന്നു കഴിഞ്ഞുവെന്നതിന്റെ സൂചനകളാണ് മേൽ വിവരിച്ച സംഭവങ്ങളിലൂടെ നമുക്ക് ഗ്രഹിക്കാൻ കഴിയുന്നത്. ധനത്തോടുള്ള അത്യാർത്തി, സ്നേഹത്തിനു പകരം ശാരീരിക ബന്ധത്തിൽ ഊന്നിയ സ്ത്രീ പുരുഷ ബന്ധം, അപരനെ കൊന്നുതള്ളുന്ന കാട്ടാളത്തിൽ അഭിരമിക്കുന്ന മാനുഷിക വിഭ്രാന്തി എന്നിവയ്ക്കെല്ലാം ഒറ്റ മരുന്നേയുള്ളൂ– നമ്മുടെ വ്യക്തി–കുടുംബ–സമൂഹ ബന്ധങ്ങളിൽ ദൈവത്തിൽ നിന്ന് ദാനമായി കിട്ടുന്ന സ്നേഹത്തിന്റെ ഉപ്പ് കലർത്തുക! സ്നേഹത്തിന്റെ പൂത്തിരികൾക്കു പകരം, അപരനെ ഭീതിപ്പെടുത്തുന്ന കരിമരുന്ന് കതിനകൾ കത്തിക്കാനുള്ള പ്രവണതകൾ സമൂഹത്തിൽ നിന്ന് ദൂരീകരിക്കാൻ ഓരോ മനുഷ്യനും യത്നിക്കണം.


ചിന്ത

ആത്മാർത്ഥതയോടെ സ്നേഹിക്കുവാനുള്ള ആന്തരിക പ്രചോദനം എല്ലാവർക്കും അനുഭവപ്പെടുന്നുണ്ട്. സ്നേഹവും സത്യവും ഒരിക്കലും അവരെ പൂർണ്ണമായി ഉപേക്ഷിക്കുന്നില്ല. എന്തെന്നാൽ അവ ഓരോ മനുഷ്യവ്യക്തിയുടെയും ഹൃദയത്തിലും മനസ്സിലും ദൈവം സ്ഥാപിച്ച വിളിയാണ്.

ബെനഡിക്ട് പതിനാറാമൻ പാപ്പ (സത്യത്തിൽ സ്നേഹം, പേജ് 10)

മരട് മൂത്തേടം വിശുദ്ധ മേരി മാഗ്ദലീൻ
ദൈവാലയത്തിൽ

ദൈവദാസൻ ജോർജ് വാകയിലച്ചന്റെ 95-ാം സ്മരണോത്സവം



2026 ഒക്ടോബർ 10
മുതൽ നവംബർ 4 വരെ

നവംബർ 4ന് — ആഘോഷമായ ദിവ്യബലി
നേർച്ചസദ്യ

2026 ഒക്ടോബർ 28 മുതൽ **നവംബർ 1** വരെ
വൈകിട്ട് 5.00 മുതൽ 9.30 വരെ

മൂത്തേടം ബൈബിൾ കൺവെൻഷൻ

നയിക്കുന്നത് : **മാർ പ്രിൻസ് ആന്റണി പാണേങ്ങാടൻ**

VATHICAN THARANGAM
RN 55178/94
Total Pages 40 Date of Publication 30-09-2026



Printed and published by Fr. Jolly Vadakken owned by Vatican Radio office, P.O.C. Vennala P.O. , Kochi - 682028 and published at Vatican Radio Office, P.O.C. , Palarivattom, Kochi - 682025, Kerala.Chief Editor: Fr. Sebastian Milton Kalappurakkal.